2015 ഫെബ്രുവരി 10 വാല്യം 08 ലക്കം 03

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# ജനറൽ കൺവൻഷനുകൾക്ക് തിരശീലവീണു



സംബറിൽ ആരംഭിച്ച ജനറൽ കൺവൻഷനുകൾ ഏകദേശം പൂർത്തിയായി. കൺവൻഷനുകൾക്ക് തിരശീല വീഴുമ്പോൾ ഇനി കണക്കെടുപ്പിന്റെ സമയങ്ങളാണ്. കുമ്പനാട് കൺവൻഷൻ സംഘാടകമികവുകൊണ്ട് ഗംഭീര വിജയമാണ് കൈവരിച്ചത്. കൺവൻഷൻ പരാജപ്പെടുമെന്ന ഭീതിയുടെ അന്തരീക്ഷം വിതയ്ക്കുന്ന വാർത്തകൾ പരന്നിരുന്നു. എന്നാൽ ചുരുങ്ങിയ സമയം കൊണ്ട് വലിയ സാങ്കേതിക വിജയം കൈവരിക്കാൻ കഴിഞ്ഞു. പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ സാം ജോർജ്ജ്, പാസ്റ്റർ ബേബി വർഗീസ്, ജോൺ ജോസഫ് എന്നിവരുടെ ടീം വർക്കാണ് കാര്യങ്ങൾ വിജയത്തിലെത്തിച്ചത്. പാസ്റ്റർ സാം ജോർജ്ജ്, ജോൺ ജോസഫ് എന്നിവരുടെ സംഘാടകപാടവം ശ്രദ്ധേയമായി. മികച്ച ഭക്ഷണം, ആകർഷകമായ പന്തൽ, മെച്ചപ്പെട്ട പാർക്കിംഗ് സൗകര്യം എല്ലാം ശ്രദ്ധേയമായിരുന്നു. എന്നാൽ പ്രസംഗങ്ങൾ ജനത്തെ നിരാശപ്പെടുത്തി. മുഖ്യമന്ത്രിയുടെ കുമ്പനാട് സന്ദർശനം വ്യക്തമായ പ്ലാനിംഗില്ലാതെ നിറം മങ്ങി. വമ്പിച്ച ജനപങ്കാളിത്തം ഉദ്ഘാടന ദിവസം മുതൽ ഉണ്ടായിരുന്നു. തി

04

## മുഖ്യമന്ത്രി വന്നത് ജനറൽ എക്സിക്യൂട്ടീവ് അറിയാതെ?

**കുമ്പനാട്:** കുമ്പനാട് കൺവൻഷന്റെ അഞ്ചാം ദിവസം കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടികൺവൻഷൻ വേദിയിലെത്തിയത് ജനറൽ എക്സിക്യൂട്ടീവ് അറിവോടെ അല്ലെന്ന് പുതിയ വെളിപ്പെടുത്തൽ. അന്നേ ദിവസം സ്റ്റേജിൽ നടന്ന പ്രോഗ്രാമുകൾ ഔട്ട് ഓഫ് അജണ്ടയിൽ ഉള്ള കാര്യങ്ങളായിരുന്നു. മുൻ ജനറൽ പ്രസിഡന്റും അദ്ദേഹത്തിന്റെ പാർശ്വവർത്തികളും ചേർന്നു നടത്തിയ കരുനീക്കങ്ങളാണ് കാര്യങ്ങൾ വഷളക്കായിത്. കേരളത്തിൽ ക്രൈസ് തവ സമൂഹം ഭീഷണി നേരിടുന്ന രാഷ്ട്രീയ സാഹചര്യത്തിൽ വിശ്വാസികളുടെ വികാരം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ സഭാനേതൃത്വത്തിനു കഴിഞ്ഞില്ല. ഇതിൽ സഭാജനങ്ങൾക്ക് അതൃപ്തിയുണ്ട്.

# പാസ്റ്റർ കെ. എം. ജോൺ വിട വാങ്ങി



**ഇ**ന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കേരളാ സ്റ്റേറ്റ് മുൻ പ്രസിഡന്റും സീനിയർ ജനറൽ മിനിസ്റ്ററുമായ പാസ്റ്റർ കെ. എം. ജോൺ (86) നിത്യതയിൽ. വാർദ്ധക്യസഹജമായ രോഗങ്ങളെത്തുടർന്ന് ചികിത്സയിലായിരുന്നു. തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ഫെബ്രുവരി 4 ബുധൻ രാത്രി 9-നായിരുന്നു അന്ത്യം സംഭവിച്ചത്. സംസ്കാര ശുശ്രൂഷ ഫെബ്രുവരി 10 ചൊവ്വാഴ്ച ഐ. പി. സി. വളഞ്ഞവട്ടം സെമിത്തേരിയിൽ.

ഐ. പി. സി. കേരളാ സ്റ്റേറ്റ് പ്രസിഡന്റായി 1997 മുതൽ 10 വർഷം സേവനം അനുഷ്ഠിച്ചു. ഐ. പി. സി. ജനറൽ ജോയിന്റ് സെക്രട്ടറി, കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, മിഷൻ ബോർഡ് ചെയർമാൻ, പീസ് ആന്റ് ജസ്റ്റീസ് ബോർഡ് ചെയർമാൻ, ഐ. പി. സി. പി. ജി. കോഴ്സ് പ്രിൻസിപ്പോൾ തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുണ്ട്. 1929 -ൽ പരുമല നടുവിലെത്തോപ്പിൽ മാമ്മൻ-ശോശാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. 1947 -ൽ സുവിശേഷവേലയ്ക്കായി ഇറങ്ങി. ദൈവവചനപഠന ശേഷം 1950-ൽ കോട്ടയം ജില്ലയിലെ തോട്ടയ്ക്കാട് സഭയുടെ ശുശ്രൂഷകനായി പ്രേക്ഷിതപ്രവർത്തനം ആരംഭിച്ചു. തുടർ

05

## പാസ്റ്റർ റ്റി. ജി. കോശി പടിയിറങ്ങി പാസ്റ്റർ ജോൺ തോമസ് പ്രസിഡന്റ്



പാസ്റ്റർ ജോൺ തോമസ്



ഡോ. റ്റി. പി. ഏബ്രഹാം



പാസ്റ്റർ കെ. ജി. മാത്യു



ബാബു ജോർജ്ജ്

**തിരുവല്ല:** അപ്രതീക്ഷിതമായ നീക്കങ്ങളിലൂടെ പാസ്റ്റർ റ്റി. ജി. കോശി സ്ഥാനം ഒഴിയേണ്ടി വന്നപ്പോൾ ശാരോൻ ഫെലോഷിപ്പ് ചർച്ച് നേതൃത്വത്തിൽ വ്യാപക അഴിച്ചു പണി. പതിനേഴു വർഷമായി പ്രസിഡന്റ് സ്ഥാനത്ത് തുടരുകയായിരുന്നു പാസ്റ്റർ റ്റി. ജി. കോശി. ജനുവരി 28ന് നടന്ന ജനറൽ ബോഡിയിൽ പാസ്റ്റർ റ്റി. ജി. കോശി നേതൃസ്ഥാനത്ത് നിന്ന് പിന്മാറുകയായിരുന്നു.

ശാരോൻ സഭകളുടെ സ്ഥാപകനായ ശാരോൻ തോമാച്ചായന്റെ മകൻ പാസ്റ്റർ ജോൺ തോമസിനെ ഐകകണ്ഠേന പ്രസിഡന്റ് സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. ആക്ടിംഗ് പ്രസിഡന്റ് ഡോ. റ്റി. പി. ഏബ്രഹാം, വൈസ് പ്രസിഡന്റ് പാസ്റ്റർ പി. എം. ജോൺ, മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ കെ. ജി. മാത്യു, മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ്, മിനിസ്റ്റേഴ്സ് കൗൺസിൽ ജോയിന്റ് സെക്രട്ടറിമാർ പാസ്റ്റർ പി. വി. ജേക്കബ്, ജോൺസൺ കെ. ശാമുവേൽ, മാനേജിംഗ് കൗൺസിൽ ജോയിന്റ് സെക്രട്ടറിമാർ പാസ്റ്റേഴ്സ് ജോൺ വർഗീസ്, പി. ജി. ജേക്കബ്, ട്രഷ

04

## സാക്ഷി



ജനറൽ കൺവൻഷനിൽ പ്രസംഗിക്കാത്തവരുടെ പേരും പത്രത്തിൽ കാണുന്നല്ലോ.

*ഒരുതരം മാനസികരോഗത്തിന് അടിമകളാണ് ഇക്കൂട്ടർ*

## പാനൽ ചർച്ച സജീവം ഇരുപക്ഷവും കരുക്കൾ നീക്കുന്നു



പാസ്റ്റർ ജേക്കബ് ജോൺ



ഡോ. വൽസൺ ഏബ്രഹാം

ദ്വേഗജനകമായ സസ്പെൻസ് നിലനിർത്തിക്കൊണ്ട് ഐ. പി. സിയിൽ പാനൽ ചർച്ച സജീവമാകുന്നു. സമവാക്യങ്ങൾ മാറ്റി മറിച്ചുകൊണ്ട് ഇരുപക്ഷവും കരുക്കൾ നീക്കുന്നു. ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക് പാസ്റ്റർ ജേക്കബ് ജോണും ഡോ. വൽസൺ ഏബ്രഹാം മത്സരരംഗത്ത് എത്തിയതോടെ ആവേശം മുറുകി. പാസ്റ്റർമാരായ കെ. സി. ജോൺ, സാം ജോർജജ്, ബേബി വർഗീസ് എന്നിവർ വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുമെന്ന് ഉറപ്പായതോടെ അണിയറയിൽ തന്ത്രങ്ങൾ ആവിഷ്കരിക്കാനുള്ള നെട്ടോട്ടമാണ് ഇരുപക്ഷവും. ജനറൽ-സ്റ്റേറ്റ് ഇലക്ഷനുകളിൽ ജയസാധ്യതയുള്ള സ്ഥാനാർത്ഥികളെ രംഗത്തിറക്കി പരമാവധി വോട്ടുകൾ

09

## ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തെക്കോസ്തൽ കോൺഫറൻസ്

**ഗോൾഡ് കോസ്റ്റ്:** ഓസ്ട്രേലിയയിലുള്ള ഇൻഡ്യൻ പെന്തെക്കോസ്തൽ സഭകളുടെ അഞ്ചാമത് ഫാമിലി കോൺഫറൻസ് 2015 മാർച്ച് മാസം 27,28,29 തീയതികളിൽ (വെള്ളി, ശനി, ഞായർ) ഗോൾഡ് കോസ്റ്റിൽ (നെരാംഗ് ബൈസെന്റേണിയൽ ബിൽഡിംഗ്, 833 സൗത്ത് പോർട്ട് നെരാംഗ് റോഡ്, നെരാംഗ് - 4216) വച്ചു നടക്കും.

പാസ്റ്റർ സണ്ണി കുര്യൻ ആണ് ഈ വർഷത്തെ കോൺഫറൻസിന്റെ മുഖ്യ പ്രസംഗകൻ.

കോൺഫറൻസിന്റെ ഈ വർഷത്തെ തീം 'നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം' തിരിച്ചറിയുക (റോമ. 12:2) എന്നുള്ളതാണ്.

എല്ലാ ദൈവമക്കളുടേയും പ്രത്യേക പ്രാർത്ഥനയും സാന്നിദ്ധ്യ സഹകരണങ്ങളും ഭാരവാഹികൾ അഭ്യർത്ഥിച്ചു.

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ഒരു കൺവൻഷൻ കാലം കഴിയുമ്പോൾ

എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

രു കൺവൻഷൻ സീസൺ കൂടി അവസാനിക്കുന്നു. കുമ്പനാട് കൺവൻഷന് ഇക്കുറി പതിവിൽ കവിഞ്ഞ ജനപങ്കാളിത്തമാണ് ഉണ്ടായിരുന്നത്. പുനലൂർ ഏ.ജി. കൺവൻഷനും അതേ സ്ഥിതി തന്നെയായിരുന്നു. തിരുവല്ല ചർച്ച് ഓഫ് ഗോഡ് കൺവൻഷനിൽ ജനപങ്കാളിത്തം അല്പം കുറവായിരുന്നു. ക്രമീകരണങ്ങളിലും വേണ്ടത്ര ശോഭിച്ചില്ലായെന്നു പറയാം. എന്നാൽ കുമ്പനാട് കൺവൻഷനെക്കാൾ പ്രസംഗകർ ശോഭിച്ചത് പുനലൂരും തിരുവല്ലയിലുമായിരുന്നു. ജനറൽ കൺവൻഷനുകളിൽ വിഷയം നൽകി അതിനെ വിഭജിച്ച് പ്രസംഗകർക്ക് നൽകുന്ന പതിവ് വേണ്ടത്ര വിജയകരമല്ല. കാരണം വേദപുസ്തകപരമായ ആഴമായ അറിവ് ഇല്ലാത്ത പ്രസംഗകരാണ് പലരും. അതുകൊണ്ട് തന്നെ തങ്ങളുടെ പ്രസംഗം കാടുകയറി പോകുമ്പോഴും ഏറ്റവും മെച്ചമെന്ന് സ്വയം ധരിക്കുന്നു. വിഷയാധിഷ്ഠിത പ്രസംഗത്തിന് യോഗ്യതയും കഴിവും ഉള്ളവരെ നിയോഗിക്കുകയാണ് വേണ്ടത്. തീം പ്രസംഗം ജനറൽ കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കുന്നതാണ് ഏറ്റവും നല്ലത്. കാരണം വിഷയാധിഷ്ഠിത പ്രസംഗം നടത്തുവാൻ കഴിവില്ലാത്ത ചില പ്രസംഗകർ തങ്ങളുടെ മറ്റു ചില പ്രസംഗങ്ങളിലൂടെ അനേകരെ സ്വാധീനിക്കുന്നത് കാണുവാൻ കഴിഞ്ഞിട്ടുണ്ട്. അവരുടെ ശൈലിക്കും കഴിവിനും അനുസൃതമായി അവരെ വിടുന്നതാണ് നല്ലത്. പരിജ്ഞാനത്തോടെ പ്രസംഗിക്കുന്നവർക്കു മാത്രമേ സ്റ്റേജുകളിൽ അവസരം നൽകാവൂ. മൈക്കിനു മുമ്പിൽ വരുമ്പോൾ സന്ദർഭം മനസ്സിലാക്കാതെ വായിൽ വരുന്നത് കോതയ്ക്ക് പാട്ട് എന്ന നിലയിൽ എന്തും വിളിച്ചു പറയുന്നവരെ ഒഴിവാക്കുകയാണ് നല്ലത്. ഇക്കുറി കുമ്പനാട് കൺവൻഷന് ഒന്നു രണ്ടു പ്രസംഗകരുടെ പ്രകടനങ്ങൾ ജനത്തെ നിരാശപ്പെടുത്തി എന്നുമാത്രമല്ല സന്ദർഭോചിതമല്ലാത്ത പ്രകടനത്തിലൂടെ ജനത്തിന്റെ ഇടയിൽ അവമതി ഉണ്ടാക്കുകയാണ് അവർ ചെയ്തത്. ഇത്തരക്കാരെ ഒഴിവാക്കുവാനുള്ള നിശ്ചയദാർഢ്യം നേതൃത്വത്തിനുണ്ടാകണം. പണം നൽകിയവരെയും പ്രോഗ്രാം നൽകിയവരെയുമൊക്കെ പ്രീതിപ്പെടുത്താനുള്ള വേദിയല്ല ജനറൽ കൺവൻഷനുകൾ. വിശ്വാസികളെയും ശുശ്രൂഷകരെയും ആത്മീകമായി ഉത്തേജനം നൽകി വിശ്വാസജീവിതത്തിൽ ശക്തരായി വളരുവാൻ ആവശ്യമായ ദൂതാണ് നൽകേണ്ടത്. പ്രതിസന്ധികളിലും വേദനകളിലുമായിരിക്കുന്ന ജനം വചനത്താലും പരിശുദ്ധാത്മാവിനാലും ആശ്വാസം പ്രാപിക്കുവാനാണ് പ്രതീക്ഷയോടെ കടന്നുവരുന്നത്. എന്നാൽ ദുഃഖകരമെന്ന് പറയട്ടെ. പല ദിവസങ്ങളിലും ജനം നിരാശരായി മടങ്ങുന്ന കാഴ്ചയാണ് കണ്ടുവരുന്നത്.

കേരളത്തിലെ പെന്തെക്കോസ്ത് പ്രവർത്തനത്തിന്റെ ആദ്യകാലം മുതൽ തന്നെ ദൈവവചനത്തിനും പരിശുദ്ധാത്മപ്രവർത്തനത്തിനും പ്രാധാന്യം നൽകിയിരുന്നു. അതിനാൽ തന്നെ വചനസത്യം തിരിച്ചറിഞ്ഞ് അനേകായിരങ്ങൾ ദൈവസന്നിധിയിൽ എത്തിച്ചേർന്നു. വചനാടിസ്ഥാനത്തിൽ ദുരുപദേശങ്ങളെയും ദുഷ്പ്രവണതകളെയും ഒക്കെ സഭയ്ക്ക് പുറത്ത് നിറുത്തുവാൻ നമ്മുടെ പിതാക്കന്മാർക്ക് ഒരു പരിധി വരെ സാധിച്ചു. അവരുടെ പ്രവർത്തനത്തിന് അടിസ്ഥാനമായിരുന്നത് ദൈവവചനമായിരുന്നു. എന്നാൽ യഥാർത്ഥമായ വചനം ഇന്ന് കൺവൻഷൻവേദികളിൽ കേൾക്കുവാനില്ല. ദുരുപദേശ ഖണ്ഡനമോ വിശുദ്ധിയിലേക്ക് ജനത്തെ നടത്തുവാനുള്ള ഉപദേശമോ കർത്താവിന്റെ മടങ്ങിവരവിനായുള്ള പ്രത്യാശയുടെ വചനമോ ഇന്ന് കേൾക്കുന്നത് വിരളം. ഭൗതിക അനുഗ്രഹവും അത്ഭുതങ്ങളും ആണ് ശുശ്രൂഷകർക്കും പ്രിയം. ഒരു മടങ്ങിവരവിനും സ്വയപരിശോധനയ്ക്കും നാം വിധേയരാകേണ്ട കാലം കഴിഞ്ഞു. കാരണം ഇത് ഘർവാപസിയും മറ്റുംമായി സുവിശേഷ വിരോധികൾ മുഴുബലത്തോടെ പ്രവർത്തിക്കുന്ന സമയമാണ്. നാം ഉണരുകയും ഒരുങ്ങുകയും ചെയ്യുവാനുള്ള കാലമാണിത്. നമ്മുടെ നാഥൻ വരുവാൻ സമയമായിരിക്കുന്നു.

## വേദ പഠനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

- തുടർച്ച-

തിയനിയമത്തിൽ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന ഹാഗിയോസ് എന്ന പദം അർത്ഥമാക്കുന്നത്. വിശുദ്ധി, ഭക്തി, നേര് എന്നിവയാണ്. പഴയനിയമ ഭക്തരുടെ ഇടയിൽ വ്യക്തികൾ, വസ്തുക്കൾ, പാത്രങ്ങൾ, സമ്പത്തുകൾ, കാലം, സ്ഥാപനങ്ങൾ, പദവികൾ എന്നിവയെ ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടതിനെ “വിശുദ്ധം” എന്നു പറഞ്ഞിരുന്നു. വിശുദ്ധി ദൈവത്തിന്റെ സ്വഭാവഗുണമാണ്, ദൈവം വിശുദ്ധനാകുന്നു ലേവ്യ.19:2, ദൈവം സൃഷ്ടിയിൽ നിന്ന് വ്യത്യസ്തനും വേർപെട്ടവനുമാണ് യെശ. 40:12-28, അന്യദൈവങ്ങളിൽ നിന്ന് സമ്പൂർണ്ണ വ്യത്യസ്തനാണ് പുറ. 15:11. ദൈവം സമ്പൂർണ്ണപരിശുദ്ധനാണ്, യെശ. 6:3. വിശുദ്ധി ദൈവത്തിൽ മാത്രമല്ല, വിശ്വാസികളിൽ പകരപ്പെടാവുന്നതുമാണ്. വിശ്വാസികളെ വിശുദ്ധർ എന്നാണ് പുതിയനിയമ ലേഖനങ്ങളിൽ സംബോധന ചെയ്യുന്നത്. ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധിയ്ക്കു വലിയ പ്രാധാന്യമുണ്ട്. ക്രിസ്തീയജീവിതം എന്നത് വിശുദ്ധീകരണത്തിനുവേണ്ടിയുള്ള പോരാട്ടമത്രെ. രക്ഷിക്കപ്പെട്ട വിശ്വാസികൾ വിശുദ്ധജാതിയാണ്, 1 പത്രോ. 2:9, വിശ്വാസികൾ വിശുദ്ധിക്കായി വിളിക്കപ്പെട്ടിരിക്കുകയാണ് 1തെസ്സ. 4:7. വിശുദ്ധി ദൈവകല്പനയാണ് എഫെ. 5:9, പ്രത്യാശയുടെ അടയാളവുമാണ് 1 പത്രോ.3:10-12. അപ്പോൾ സർവ്വഭക്തിയും വിശുദ്ധിയും തമ്മിൽ കൂടിച്ചേരുമ്പോൾ സമാധാനത്തോടും ശാന്തതയോടും കൂടെ ജീവിതം നയിക്കുവാൻ കഴിയും എന്നു പറയുമ്പോൾ തന്നെ രാജാക്കന്മാർക്കും സകല അധികാരികൾക്കുവേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യണം എന്നു പൗലോസ് അഭ്യർത്ഥിക്കുന്നു. ഒരു ദൈവഭക്തന്റെ മുഖമുദ്ര സമാധാനവും ശാന്തതയുമാണ്. മനുഷ്യജീവിതം അസമാധാനവും അശാന്തിയും നിറഞ്ഞതാണ്. എന്നാൽ ഇതിന്റെ മദ്ധ്യേ സമാധാനത്തോടും ശാന്തതയോടും കൂടെ ജീവിക്കുക.

**രാജാക്കന്മാർക്കും അധികാരികൾക്കും:-**

രാജാക്കന്മാർക്കും അധികാരികൾക്കും എന്നു പറയുമ്പോൾ ഭരണകൂടത്തെയാണ് ഉദ്ദേശിക്കുന്നത് ഭരണകൂടം എന്നു പറഞ്ഞാൽ ലോകത്തിലെ ഓരോ രാജ്യത്തും നിലനിൽക്കുന്ന അധികാരവ്യവസ്ഥിതിയെ ഭരണകൂടം എന്നു പറയാം. ലോകത്തെ ഭരിക്കുവാനുള്ള സ്വാതന്ത്ര്യം സാവകാശവും ദൈവം മനുഷ്യനു നൽകിയിരിക്കുന്നു. ഉല്പത്തി പുസ്തകത്തിൽ നിന്നും അത് വ്യക്തമാണ്. ദൈവം അവരെ അനുഗ്രഹിച്ചു നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചര ജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു ഉല്പ.1:28-29. ഭൂമിയിലുള്ള സകലത്തെയും അടക്കി വാഴുവാനുള്ള അധികാരം ദൈവം മനുഷ്യനു നൽകിയിരിക്കുന്നു. വേദപുസ്തകം പ്രസ്താവിക്കുന്ന ആദ്യത്തെ പട്ടണം കയീൻ ചെന്നു പാർത്ത ‘നോദ്’ ദേശത്ത് തന്റെ മകൻ ഹാനോക്കിന്റെ പേരിൽ പണിത പട്ടണമാണ്. പട്ടണം പണിയപ്പെട്ടതോടെ അവിടെ ഭരണാധികാരികളും ഉണ്ടായി. പൗരാണിക കാലത്ത് ഗോത്രതലവന്മാരും പട്ടണമൂപ്പന്മാരും രാജാക്കന്മാരും പുരോഹിതന്മാരും ന്യായാധിപന്മാരും പ്രവാചകന്മാരും ചേർന്ന ജനസമൂഹത്തെയാണ് ഇവർ ഭരിച്ചുകൊണ്ടിരുന്നത്. അത് പിന്നീട് കുറെപ്പേർ ചേർന്നു സർവ്വ അധികാരങ്ങളും കയ്യടക്കി ഭരിക്കുന്ന പ്രഭുജന വാഴ്ചയും ഉന്നതന്മാരും സമൂഹം ഭരിക്കുന്ന കുലശ്രേഷ്ഠാധിപന്മാരും രാജവംശഭരണവും ഏകാധിപത്യഭരണവും, ഏകകക്ഷി ഭരണവും ഭീകരഭരണവും ജനങ്ങളാൽ തിരഞ്ഞെടുക്കുന്ന പ്രതിനിധിഭരണവും ജനങ്ങളാൽ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഭരിക്കുന്ന ജനാധിപത്യവും ഇതിൽ ചിലതാണ്. ആധുനികതത്വശാസ്ത്രമനുസരിച്ച് അംഗീകരിക്കപ്പെട്ട ഭരണകൂടം ജനാധിപത്യമാണ്. ബി. സി. അഞ്ചാം നൂറ്റാണ്ട് മുതൽ ജനാധിപത്യം ഗ്രീസ്സിൽ നിലവിൽ വന്നു. ജനാധിപത്യത്തിന്റെ അടിസ്ഥാനപ്രമാണങ്ങളാണ് സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം മുതലായവ.

ദൈവം ഭൂമിയിൽ സ്ഥാപിച്ച മഹത്തായ സ്ഥാപനങ്ങളിൽ ഒന്നാണ് ഭരണകൂടങ്ങൾ അഥവാ അധികാരങ്ങൾ. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ പ്രപഞ്ചത്തിലെ സകലസൃഷ്ടിയുടേയുംമേൽ കർത്തൃത്വം നടത്തുവാൻ ദൈവം അവനു അധികാരം നൽകി. അധികാരങ്ങൾ ദൈവത്തിൽ നിന്നുള്ളതിനാൽ അധികാരത്തോട് മറുതലിക്കുവാനോ മത്സിക്കുവാനോ നമുക്കു അവകാശമില്ല. റോമ. 13:1-2.

അധികാരങ്ങൾ അഥവാ ഗവൺമെന്റുകൾ ദൈവവ്യവസ്ഥിതിയുടെ ഭാഗമായതിനാൽ ദൈവമക്കൾക്കു ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഏകാധിപതിയോ അഴിമതിക്കാരനോ ദുഷ്ടനോ ഏതുമാകട്ടെ ഭരണാധികാരികൾക്കായി പ്രാർത്ഥിക്കണം. അമേരിക്കൻ പ്രസിഡന്റായിരുന്നു ജോർജ്ജ് വാഷിംഗ്ടൺ ഒരിക്കൽ പറഞ്ഞു, “ദൈവത്തെ കൂടാതെയും ബൈബിൾ കൂടാതെയും ലോകത്തെ ശരിയായി ഭരിക്കുവാൻ കഴിയുകയില്ലായെന്ന്”. ഭരണാധികാരികളെ ആക്കി വയ്ക്കുന്നതു ദൈവമാണെങ്കിലും അവർ പ്രവർത്തിക്കുന്നത് അവരുടെ ഇഷ്ടം അനുസരിച്ചാണ്. അതുകൊണ്ട് ദൈവഹിതത്തിനു വിരുദ്ധമായി അവർ ജീവിക്കാനും ഭരിക്കാനും ഉത്തരവുകൾ ഇറക്കാനും ദൈവത്താൽ ആക്കി വയ്ക്കപ്പെട്ടവർ എന്ന നിലക്ക് ദൈവമക്കൾ ഭരണാധികാരികളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതിനാണ്. നിലവിലുള്ള ഭരണകർത്താക്കൾ നീതിയും ന്യായവും പാലിക്കാൻ ഇടയാകേണ്ടതിനു പ്രാർത്ഥിക്കണം. നീതിക്കും ന്യായത്തിനും വില കല്പിക്കാത്ത ഭരണാധികാരികൾ ഉണ്ടാകാതിരിക്കുവാനും പ്രാർത്ഥിക്കണം.

പൗലോസ് ഈ ലേഖനം എഴുതുന്നത് ക്രൂരനായ നീറോ ചക്രവർത്തി റോമാ സാമ്രാജ്യം ഭരിക്കുന്ന സമയമാണ്, ഇദ്ദേഹം കാരണമില്ലാതെ ക്രിസ്ത്യാനികളെ ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്ത രക്തദാഹിയായ രാജാവായിരുന്നു. ഇദ്ദേഹത്തിന്റെ കാലത്ത് പല അപ്പൊസ്തലന്മാരും രക്തസാക്ഷികളായി മരിച്ചു. എങ്കിൽ പോലും ഭരണചക്രം തിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപ്പൊസ്തലൻ നിർദ്ദേശിക്കുകയാണ്.

സഭയുടെ പ്രേക്ഷിത ദൗത്യവും പ്രാർത്ഥനയും തമ്മിൽ അഭേദ്യബന്ധമുണ്ട്. വിഭാഗീയ ചിന്തയോ ഉപദേശമോ കൂടാതെ ഏവർക്കുംവേണ്ടി പ്രാർത്ഥിക്കുകയെന്നത് സഭയുടെ മിഷനറി ദൗത്യത്തിന്റെ ഭാഗമാണ്. സുവിശേഷം എല്ലാവർക്കും ഉള്ളതാണ്, സുവിശേഷം പ്രസംഗിക്കുവാനും സുവിശേഷപ്രവർത്തനം ചെയ്യുവാനുമുള്ള പ്രേരകശക്തി പ്രാർത്ഥനയാണ്. പ്രാർത്ഥന എന്നാൽ എന്ത്? എന്തിനുവേണ്ടി പ്രാർത്ഥിക്കണം ഇങ്ങനെ പ്രാർത്ഥനയോടുള്ള ബന്ധത്തിൽ ചില കാര്യങ്ങൾ ചിന്തിക്കാം.

(തുടരും)

## എനിയ്ക്കും പറയാനുണ്ട്...

# പാസ്റ്റർ കെ. ജോയിക്ക് ഒരു തുറന്ന കത്ത്



**പാസ്റ്റർ സാംകുട്ടി മാത്യു**
**ചീഫ് എഡിറ്റർ**

മ്പനാട് കൺവൻഷന്റെ സമാപനദിവസത്തെ ആരാധന ഏറ്റവും ശ്രദ്ധേയമാണ്. അന്ന് നടക്കുന്ന കർത്തൃമേശയിൽ ഭയത്തോടും ദൈവസാന്നിധ്യബോധത്തോടുമാണ് ഒട്ടുമിക്ക വ്യക്തികളും പങ്കെടുക്കുന്നത്. കർത്തൃമേശയ്ക്ക് മുമ്പായി നടക്കുന്ന തിരുവചന ശുശ്രൂഷ ജനത്തെ അനുതാപത്തിലേക്ക് നടത്തുന്നത് പതിവാണ്. പാസ്റ്റർ പി. എം. ഫിലിപ്പിനെപോലെയുള്ളവർ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ വരച്ചുകാണിക്കുമ്പോൾ ജനങ്ങൾ നിലവിളിച്ചിട്ടുള്ള സന്ദർഭം കൂടിയാണ് കർത്തൃമേശ ശുശ്രൂഷ.

സാധാരണ ഒരു പ്രസംഗമാണ് കർത്തൃമേശയ്ക്കുമുമ്പായി ഇതുവരെയും നടന്നിട്ടുള്ളത്. എന്നാൽ ഇക്കുറി പാസ്റ്റർ കെ. എം. ജോസഫിനെ കൂടാതെ താങ്കളും പ്രസംഗകനായെത്തി. വള്ളിപുള്ളി വിടാതെ ഒരു കേൾവിക്കാരനായി ഞാനും സ്റ്റേജിനു സമീപം സദസ്സിലുണ്ടായിരുന്നു. ഒരു കോമഡിക്കാരന്റെ ശരീരഭാഷയോടുകൂടെ താങ്കൾ നടത്തിയ വാചകകസർത്ത് ആ സന്ദർഭത്തിന് ഒട്ടും ചേർന്നതായില്ല. സഭാരാഷ്ട്രീയത്തിനെതിരെയും കേസുകൾക്കെതിരെയും പത്രങ്ങൾക്കെതിരെയും താങ്കൾ അഴിച്ചുവിട്ട പ്രസംഗം ശുശ്രൂഷയുടെ സന്ദർഭം മനസ്സിലാക്കാതെ ആയിരുന്നു. ഒരു കാലത്ത് ഡൽഹിയിലെ ഐ. പി. സി. രാഷ്ട്രീയത്തിലെ മുടിചൂടാമന്നനായിരുന്നു താങ്കൾ. പാസ്റ്റർ കെ. റ്റി. തോമസിന് സ്വസ്ഥത കൊടുക്കാതിരുന്ന താങ്കൾ ജനം അതെല്ലാം മറന്നെന്ന ധാരണയിൽ പ്രസംഗിക്കുമ്പോൾ മറക്കാത്തവർ പലരും കേൾവിക്കാരിലുണ്ട് എന്നത് മറന്നുകൂടാ. കഷണ്ടിക്കാരന്റെ കേശതൈല വിൽപനപോലെയും വേശ്യയുടെ ചാരിത്ര്യ പ്രസംഗംപോലെയും മാത്രമേ താങ്കളുടെ പ്രസംഗത്തിന് വിലയുള്ളൂ. ചില വർഷങ്ങൾക്കു മുമ്പ് കുമ്പനാട് കൺവൻഷനിലും കേരളത്തിലെ മറ്റു ചില കൺവൻഷനിലും ശുശ്രൂഷകന്മാരുടെ ഭാര്യമാരെ സദസ്സിൽ എഴുന്നേൽപ്പിച്ച് നിർത്തി ഇവർ കള്ളന് കഞ്ഞിവെക്കുന്നവരാണെന്ന് പരസ്യമായി പറഞ്ഞതിലൂടെ കേരളത്തിലെ ശുശ്രൂഷകന്മാർ കള്ളന്മാരാണെന്ന് പറഞ്ഞത് ഓർമ്മയുണ്ടല്ലോ. അന്ന് ഉണ്ടായ എതിർപ്പുകൾ മുഖാന്തിരം പിറ്റേവർഷം താങ്കൾക്ക് കുമ്പനാട് പ്രസംഗിക്കുവാൻ സാധിച്ചില്ല എന്നതും ഓർമ്മ കാണുമല്ലോ. ഇത്തരുണത്തിൽ ഒരു ചോദ്യം താങ്കളോട് ചോദിക്കട്ടെ. താങ്കളും ഒരു ശുശ്രൂഷകൻ അല്ലേ. അങ്ങനെയെങ്കിൽ താങ്കളുടെ ഭാര്യ താങ്കൾക്ക് കഞ്ഞിവെച്ചുതരുമ്പോൾ ആ ദൈവദാസി ചെയ്തത് കള്ളന് കഞ്ഞി വെക്കുകയല്ലായിരുന്നോ?

അവസരം കിട്ടുമ്പോൾ മാധ്യമങ്ങളെ വിമർശിക്കുന്നതിന് മടിക്കാണിക്കാത്ത താങ്കൾ എന്തുകൊണ്ട് മാധ്യമങ്ങൾ വിമർശിക്കുമ്പോൾ അസഹിഷ്ണത കാണിക്കുന്നു? കഴിഞ്ഞ കുറെ വർഷങ്ങളായി താങ്കളുടെ പ്രസംഗത്തിന് പഴയ മൂർച്ചയില്ലായെന്നത് യാഥാർത്ഥ്യമാണ്. കുറെ പ്രാസം പറഞ്ഞും കോമഡി പറഞ്ഞും ജനത്തെ ചിരിപ്പിക്കാനുള്ളതല്ല സുവിശേഷ പ്രസംഗവേദി. കൈയടി നേടുവാൻ കർത്തൃമേശ ശുശ്രൂഷ പോലെയുള്ള വേദികൾ കോമഡി ഷോ ആക്കുമ്പോൾ അവിടെ ദൈവനാമം മഹത്വപ്പെടുമോ? താങ്കൾക്ക് പിന്നാലെ പ്രസംഗകനായെത്തിയ പാസ്റ്റർ കെ. എം. ജോസഫ് കർത്തൃമേശ ശുശ്രൂഷയുടെ പ്രാധാന്യത ഉൾക്കൊണ്ട് പക്വതയോടെ സന്ദർഭോചിതമായി ദൈവവചനം സംസാരിച്ചപ്പോൾ അവിടെ ജനത്തിന് അനുതാപമുണ്ടായി. കർത്തൃമേശ ശുശ്രൂഷനടത്തിയ പാസ്റ്റർ എം. വി. വർഗ്ഗീസും സന്ദർഭോചിതമായി ആ ശുശ്രൂഷ ചെയ്തപ്പോൾ അവിടെ അത് ഭംഗിയായി നിർവ്വഹിക്കപ്പെട്ടു. ജനറൽ കൺവൻഷൻപോലെ ജനസഹസ്രങ്ങൾ കൂടുന്ന വേദികളിൽ ഇത്തരം തരംതാണ പ്രസംഗകരെ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടത് സംഘാടകരാണ്. കിട്ടുന്ന വേദികളെല്ലാം പത്രങ്ങളെ കുത്തുവാൻ ശ്രമിക്കുന്ന താങ്കൾ മറക്കുന്നത് ഒന്നുണ്ട്. താങ്കളെപ്പോലെയുള്ള സുവിശേഷകന്മാർ രാഷ്ട്രീയം കളിച്ച് കുളമാക്കിയ സഭാവേദികളിൽ പക്ഷം പിടിച്ചും സോപ്പിട്ടും അവസരം കൈവശമാക്കുന്നവരെ സഹിക്കുന്നതിനും ഒരു പരിധിയില്ലേ. ആഭരണധാരിക്ക് കുവൈറ്റിൽ ഓർഡിനേഷൻ നൽകിയ താങ്കൾക്ക് ഐ. പി. സി. സ്റ്റേജിൽ പ്രസംഗിക്കാൻ എന്തു ധാർമ്മിക അവകാശമാണുള്ളത്. ജനത്തെ വിഡ്ഢികളാക്കുന്ന ഇത്തരം പരിപാടി ഇനിയെങ്കിലും നിർത്തി സുവിശേഷകന്റെ പ്രവർത്തി ചെയ്യുക. കിട്ടുന്ന സ്റ്റേജിലെല്ലാം എല്ലാവരെയും ചീത്ത വിളിക്കുന്ന താങ്കൾ 2 കാലിലും മന്തുള്ളപ്പോൾ ഒരു കാലിൽ മുടന്തുള്ളവനെ മന്തുകാലൻ എന്നു വിളിക്കുന്നവനു തുല്ല്യൻ മാത്രമാണെന്നറിയുക.

## നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

**അദ്ധ്യായം 22**



**സുനിൽ വർഗീസ്, ബാംഗ്ലൂർ**

ട്ടിലെ ബസ്സ്റ്റാൻഡിലേക്ക് ബസ് കിതച്ചെത്തി നിന്നു. ആൽബർട്ട് പുറത്തേക്കിറങ്ങി. അപ്പോൾ മഴ വീഴുന്നുണ്ടായിരുന്നു. ആകാശത്തേക്ക് കണ്ണുകൾ പായിച്ച് ആൽബർട്ട് നടന്നു. ഇനിയും നിർത്താതെ പെയ്യുവാനുണ്ടെന്ന് ദ്യോതിപ്പിച്ച് കാർമേഘങ്ങൾ വന്നു കൂടി കൊണ്ടിരുന്നു. മഴയത്ത് ലക്ഷ്യങ്ങളിലാതെ നടക്കണം. എല്ലാ ദു:ഖങ്ങളും കണ്ണീരുകളും ശേഖരിക്കുവാൻ മഴയെപ്പോഴും സാമർത്ഥ്യം കാണിച്ചിരുന്നു.

ആൽബർട്ടിന് ചിരി വന്നു.

എന്നാൽ ചിരിക്കുവാൻ കഴിയാത്ത വിധം മഴ അയാളിലേക്ക് പതിച്ചു കൊണ്ടിരുന്നു. വഴിയരികിലുള്ള കടമുറികളുടെ ഓരത്തും വെയിറ്റിംഗ് ഷെഡുകളിലും നനഞ്ഞൊട്ടി ആളുകൾ നിൽക്കുന്നു. എവിടെ കയറി നിൽക്കുവാൻ കഴിയുമെന്ന് നാലുപാടും കണ്ണുകളോടിച്ച് ഒരു ബൈക്ക് യാത്രക്കാരൻ പോകുന്നു. അപ്പോൾ അയാളിലേക്ക് തെറിച്ചു വീണ ചെളിവെള്ളം കൂടുതൽ ഉന്മാദത്തോടെ സ്വീകരിക്കുകയാണ് ആൽബർട്ട് ചെയ്തത്.

അകലെ സന്ധ്യ പൊട്ടി തുടങ്ങുന്നു.

വരാൻ പോകുന്ന രാത്രിയിലും കരുത്തോടെ നിർത്താതെ നിന്നു പെയ്യുവാൻ വേണ്ടതായ സന്നാഹങ്ങൾ മഴ സ്വയം കൂട്ടി കൊണ്ടിരുന്നു. എന്തിനാണിങ്ങനെ നനയുന്നതെന്ന് ആരും അയാളോട് ചോദിച്ചില്ല. അല്ലെങ്കിൽ തന്നെ വഴിയാത്രക്കാർ ആരും തന്നെ അയാളെ ശ്രദ്ധിക്കുന്നതു കൂടി ഇല്ലായിരുന്നു.

ഉച്ച തിരിഞ്ഞപ്പോഴാണ് ഡേവിഡിന്റെ നാട്ടിൽ നിന്ന് അയാൾ വണ്ടി കയറിയത്. വലിയ ആൾക്കൂട്ടം തന്നെ ഡേവിഡിന്റെ സംസ്ക്കാരത്തിന് ഉണ്ടായിരുന്നു. പേരറിയാത്ത പലരും ആൽബർട്ടിന്റെ അരികിലെത്തുകയും പല കാര്യങ്ങൾ തിരക്കുകയും ചെയ്തിരുന്നു. അഗാധമായ മൗനത്തിൽ ബന്ധിതനായി അയാൾ ആളുകളെ പരിഭ്രമത്തോടെയാണ് നോക്കിയത്. ആൽബർട്ടിനെ അടിച്ചു വീഴ്ത്തുകയും ഇനി നീലമുടിയിലേക്ക് വന്നു പോകരുതെന്ന ശൗര്യത്തോടെ ആക്രോശിക്കുകയും ചെയ്ത പോലീസുകാരന്റെ മുഖമായിരുന്നു അപ്പോൾ അയാളിൽ നിറഞ്ഞു നിന്നത്. കാതറിൻ പല തവണ ആൽബർട്ടിന്റെ അരികിലായി വന്നിരുന്നിരുന്നു. അനുസ്മരണ പ്രസംഗം നടത്തുവാൻ പോലും കഴിയാത്ത വിധം പീഡിതനാണ് ആൽബർട്ടെന്നു മനസ്സിലാക്കിയ കാതറിൻ, ആൽബർട്ടിനു പകരം നീലമുടിയിലെയും മുണ്ടോട്ടിത്തറയിലേയും സ്മരണകൾ പങ്കുവെയ്ക്കുകയുണ്ടായി.

സംസ്ക്കാരം കഴിഞ്ഞ് ആളുകൾ പിരിഞ്ഞു തുടങ്ങുമ്പോൾ കാതറിൻ ആൽബർട്ടിന് അരികിലെത്തിയിരുന്നു.

ആൽബീ... ഇനി.. വീട്ടിലേക്കല്ലേ...അയാൾ മുഖം ഉയർത്തുകയോ കാതറിനെ ശ്രദ്ധിക്കുന്നതായി ഭാവിക്കുകയോ ചെയ്തില്ല. നീലമുടിയിലേക്ക് ഇനി എന്നാണ് നീ പോകുന്നത്....? കുറേ നേരത്തെ മൗനത്തിനു ശേഷം അവൾ ചോദിച്ചു. പൊടുന്നനെ തന്നെ ഒരു മറുപടിയും പറയാതെ ആൽബർട്ട് നടക്കുകയാണ് ചെയ്തത്. അവളെ ഒറ്റയ്ക്ക് വിട്ടിട്ട് പോവുകയാണെന്നോ മറ്റോ പുറകിൽ നിന്ന് അവൾ വിളിച്ചു ചോദിക്കുന്നു.

കാറ്റിന്റെ വേഗം കൈ വന്ന പോലെ അയാൾ നടന്നു. കാതറിന്റെ ശബ്ദം നേർത്തു പോകുന്നു. നാട്ടിലേക്കുള്ള ബസിൽ കയറി ഇരുന്നപ്പോൾ പോലും കാതറിൻ പിന്നാലെ വരുന്നുണ്ടോ എന്നു കൂടി നോക്കിയതേയില്ല. സന്ധ്യ തുടങ്ങിയപ്പോൾ അയാൾ നാട്ടിലേക്കുള്ള ബസ് സ്റ്റാൻഡിലെത്തിച്ചേർന്നു. അപ്പോഴേക്കും മഴ തുടങ്ങിയിരുന്നല്ലോ.

മഴയിൽ കുതിർന്നാണ് ആൽബർട്ട് വീട്ടിലേക്ക് ചെന്നു കയറിയത്. കോളിങ്ങ് ബെല്ലിനൊപ്പം അകത്ത് പക്ഷി ചിലയ്ക്കുന്നു. കുറേ കഴിഞ്ഞാണ് മമ്മ വന്ന് വാതിൽ തുറന്നത്. കുറേക്കുടി ക്ഷീണിതയായിരുന്നു. നടക്കുവാൻ പോലും മമ്മ പ്രയാസപ്പെടുന്നതാണ് ആൽബർട്ടിന് തോന്നി.

ശീമോനെ...ആൽബർട്ടിനെ കണ്ടതും ക്ഷീണമെല്ലാം മറന്ന് സീൽക്കാരത്തോടെ അവർ ഓടി വന്നു.

നീ എപ്പോഴാ വന്നേ...? ആകെ നനഞ്ഞൂലോ...സ്റ്റാൻഡിൽ വെച്ച് ഒന്നു ഫോൺ ചെയ്യില്ലായിരുന്നോ..പപ്പാ കാറുമായി വന്നേനെ ....ഒറ്റശ്വാസത്തിൽ തന്നെ മമ്മ എന്തൊക്കെയോ ചോദിക്കുന്നു. അകത്തേക്ക് തിരിഞ്ഞ് ജാനുവിനെ വിളിച്ച് ഒരു ടൗവ്വൽ കൊണ്ടു വരാൻ പറയുന്നു.

ടൗവ്വലിന് കാത്തു നിൽക്കാതെ ആൽബർട്ട് നനഞ്ഞ വേഷത്തോടെ തന്നെ ആൽബർട്ട് അകത്തേക്ക് കയറി. സ്റ്റെയർകെയ്സ് കയറുമ്പോൾ മമ്മയുടെ ശബ്ദം ....എന്താ ശീമോനെ..നീ ആകെ വല്ലാണ്ടിരിക്കുന്നല്ലോ....എന്താ പറ്റിയേ?

മറുപടി നൽകാതെ അയാൾ മുകളിലത്തെ നിലയിലുള്ള അയാളുടെ റൂമിലേക്ക് പോയി. അപ്പോൾ മമ്മ ടെലഫോണിൽ ഏതോ നമ്പർ ഡയൽ ചെയ്യുന്നത് അയാൾ കാണുന്നുണ്ടായിരുന്നു. പപ്പായെ വിളിക്കുകയാവും.

മുറിയുടെ വാതിൽ തുറന്നപ്പോൾ ആൽബർട്ടിന്റെ ഹൃദയം തുടിച്ചു. അന്ന് എല്ലാം അലങ്കോലമാക്കിയിട്ടാണ് ഇറങ്ങി പോയത്. ഏകദേശം ഒരു വർഷത്തോളമായിരിക്കുന്നു. പക്ഷേ എല്ലാം അടുക്കി വെച്ചിട്ടുണ്ട്. റൂം ഫ്രഷറിന്റെ ഗന്ധം. ഇന്നും മമ്മ ഈ മുറിയിൽ കയറിയിട്ടുണ്ട്. എല്ലാം തൊട്ടു തലോടി പോയിട്ടുണ്ട്. വല്ലാത്തൊരു നോവ് അയാളിലേക്ക് ആഴ്ന്നു പോയി.

അലമാരിയിൽ നിന്ന് മാറുവാനുള്ള വേഷവുമെടുത്ത് അയാൾ ബാത്ത് റൂമിലേക്ക് കയറി.

കുളിച്ചു വേഷം മാറി ആൽബർട്ട് ജനാലയ്ക്കൽ പോയി നിന്നു.

എത്രനേരം അങ്ങനെ നിന്നുവെന്ന് അയാൾക്കറിയില്ല. വിശപ്പും ദാഹവും എല്ലാം കെട്ടു പോയിരിക്കുന്നു. ജാലകത്തിന് പുറത്ത് മഴ അപ്പോഴും ആലസ്യത്തോടെ പെയ്തു കൊണ്ടിരുന്നു. ഈ പെരുമഴയത്ത് താൻ ഉപേക്ഷിച്ചു കളഞ്ഞ കാതറിനെക്കുറിച്ചുള്ള നോവ് അയാളിൽ സംക്രമിച്ചു തുടങ്ങിയിരുന്നു. ഡേവിഡിന്റെ മമ്മിയും അനുജത്തിയും വാവിട്ടു കരയുന്ന ചിത്രം അയാളിലേക്ക് കടന്നു വന്നു. ഡേവിഡിന്റെ ശരീരത്തോടൊപ്പം ആംബുലൻസിലേക്ക് കയറുമ്പോൾ വിറയുന്ന മനസ്സോടെ നോക്കി നിൽക്കുന്ന മാതേവനും ചെറുമനും പിന്നെ നീലമുടിയും അയാളിലേക്ക് ചേക്കേറി. കാതറിൻ എങ്ങോട്ടു പോയിരിക്കും..? ദൈവമേ...അവളെ കൂടി ഇങ്ങോട്ടു കൊണ്ടു വരണമായിരുന്നു. ആ പാവത്തിന് ആരുമില്ലല്ലോ....

ശീമോനേ....പപ്പായുടെ ശബ്ദം. ജനായ്ക്കൽ നിന്നു ആൽബർട്ട് തിരിഞ്ഞു. വാതിൽക്കൽ തന്നെ നിൽക്കുകയായിരുന്നു പപ്പ. കുറേ നേരമായി അങ്ങനെ തന്നെ പപ്പാ നിന്നിരിക്കണമെന്ന് ആൽബർട്ടിന് തോന്നി. ആൽബർട്ട് ബഡിനരികിലേക്ക് നടന്നു.

നമ്മുടെ പാസ്റ്റർ എല്ലാം പറഞ്ഞിരുന്നു. അത്രയും ദൂരം വരാൻ പറ്റിയില്ല ശീമോനേ....മമ്മ ഇതുവരെ ഒന്നും അറിഞ്ഞിട്ടില്ല കേട്ടോ... അടുത്തായി കിടന്ന കസേരയിൽ പപ്പാ ഇരിക്കുന്നു.

വിഷമിക്കേ.. ശീമോനെ.... എല്ലാം ശരിയാകും...എല്ലാം കർത്താവ് മുന്നമേ തീരുമാനിച്ചതാണല്ലോ.

പെട്ടന്നു അതുവരെ അമർത്തിവെച്ച എല്ലാ നൊമ്പരവും കുടഞ്ഞെറിഞ്ഞു ആൽബർട്ട് ഉറക്കെ കരഞ്ഞു. (തുടരും)

# ഗുഡ്ന്യൂസ് കൺവൻഷനും 32–ാമത് ബിരുദദാന ശുശ്രൂഷയും

**കീഴില്ലം:** 1980 മുതൽ പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഗുഡ്ന്യൂസ് കൺവൻഷൻ 2015 ഫെബ്രുവരി മാസം 2–5 വെര നടത്തുന്നു.

പാസ്റ്റർ സാബു മത്തായി കൺവീനറായുള്ള കമ്മറ്റിയിൽ പാസ്റ്റർ ഫിലിപ്പ് ജോ, സിസ്റ്റർ നാൻസി പ്രാർത്ഥന, ശുശ്രൂഷകന്മാരായ പി. സി. ആന്റണി സംഗീതം, ജോമോൻ ജോയ് ഗതാഗതം, ഗീവർഗ്ഗീസ് തോമസ് ഭക്ഷണം, ആൽവിൻ വർഗ്ഗീസ് ഫിനാൻസ്, പോൾസ് കുര്യാക്കോസ് അക്കമഡേഷൻ എന്നിവയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ കെ. സി. മാത്യൂസിന്റെ സമർപ്പണ പ്രാർത്ഥനയോടെ ആരംഭിച്ച കൺവൻഷനിൽ കർതൃദാസന്മാരായ ബി. മോനച്ചൻ കായംകുളം, തോമസ് ഫിലിപ്പ് (ഏ. ജി. മലയാളം ഡിസ്ട്രിക്ട് ജനറൽ സെക്രട്ടറി), ഡോ. സി. പി. വർഗ്ഗീസ് (പി. ബി. എസ്. പ്രസിഡന്റ്), സാബു മത്തായി തുടങ്ങിയവർ വചനം പ്രസംഗിക്കും. പി. സി. ആന്റണിയുടെ നേതൃത്വത്തിൽ പെനിയേൽ വോയിസ് ഗാന ശുശ്രൂഷ നിർവ്വഹിച്ചു.

പൂർവ്വ വിദ്യാർത്ഥി സമ്മേളനം 5–ാം തീയതി വൈകുന്നേരം 4 മണിക്ക് നടത്തപ്പെട്ടു.

6–ാം തീയതി രാവിലെ 8 മണിക്ക് നടക്കു കൂട്ടായ്മായോഗത്തിൽ പാസ്റ്റർ കെ. സി. മാത്യൂസ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി 10 മണിക്ക് നടന്ന ബൈബിൾ സെമിനാരിയുടെ 32–ാംമത് ബിരുദദാന ശുശ്രൂഷയിൽ ഡോ. സി. പി. വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫസർ എസ്. പി. ചാക്കോ മുഖ്യ സന്ദേശം നൽകും.

ചോദ്യോത്തര വേദി

# പെന്തെക്കോസ്ത് സഭകളും സഭാംഗങ്ങളും വചനം അനുസരിക്കുന്നവരോ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** എപ്പിസ്കോപ്പൽ സഭകളിലെ പല ആചാരനുഷ്ഠാനങ്ങളും ദൈവവചന സത്യങ്ങൾക്ക് വിരുദ്ധമാണെന്നും, വചനസത്യങ്ങൾ പാലിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും അവകാശപ്പെട്ടുകൊണ്ട് കഴിഞ്ഞ നൂറ്റാണ്ടിൽ പല പെന്തെക്കോസ്തു സഭകളും ഉടലെടുത്തു. ഇന്നത്തെ പെന്തെക്കോസ്തു സഭകൾ വചന സത്യങ്ങളനുസരിച്ചാണോ നിയന്ത്രിക്കപ്പെടുന്നത് എന്ന് താങ്കൾക്ക് പരിശോധിക്കാമോ? ഇന്ന് പാസ്റ്റർമാർ പലരും പലയിടത്തും പരിഹാസവിഷയമാകുകയാണ്. അതിന്റെ കാരണമെന്താണ്?

**സനു മാത്യു, തെക്കേപ്പറമ്പിൽ, നെടുങ്ങാടപ്പള്ളി**

**ഉത്തരം:** കഴിഞ്ഞ ലക്കത്തിലെ 'പെന്തെക്കോസ്തു സഭകളിലെ ആരാധനാ നൃത്തം' വായിക്കുക. അതിന്റെ തുടർച്ചയായി താഴെക്കുറിക്കുന്നത് വായിക്കുക.

ക്രിസ്തീയ സഭകൾക്ക് കൂടുതൽ ഉപദേശങ്ങൾ എഴുതിയ അപ്പൊസ്തലനായ പൗലോസും, ഉപദേശങ്ങൾ ആദിമ സഭകളിൽ നടപ്പാക്കാൻ നിയോഗം കിട്ടിയ ചെറുപ്പക്കാരായ തിമൊഥെയോസും തിത്തോസും **ഒരു സഭയിലും ഒരിക്കലും ഇടയന്മാരായി ശുശ്രൂഷ ചെയ്തിട്ടില്ല.** കാരണം, കർത്താവിന്റെ ഇഷ്ടപ്രകാരം, ദൈവവചന പ്രകാരം, ഇടയനാകണമെങ്കിൽ ഭാര്യയും വിശ്വാസികളായ മക്കളും ഉണ്ടായിരിക്കണമെന്നുള്ള നിർബന്ധമാണ് (തിത്തോസ് 1:6–9) അവരെ ഇടയനായി ശുശ്രൂഷചെയ്യാനുള്ള യോഗ്യത ഇല്ലാതാക്കിയത്. എന്നാൽ യോഗ്യതയുള്ളവരെ ഇടയന്മാരായി അവർ സഭയിൽ നിയമിച്ചിരുന്നു. ദൈവവചനം ആത്മാവും ജീവനുമാകുന്നവല്ലോ (യോഹ. 6:63). എന്നാൽ ഇന്നത്തെ പെന്തെക്കോസ്തു സഭകളിൽ ഈ വചനത്തിന് യാതൊരു പ്രാധാന്യവും കൊടുക്കാതെ, ഏതു പുതിയ വിശ്വാസിക്കും ബൈബിളിന്റെ അല്പസ്വല്പം യേശുക്രിസ്തുവിന്റെ പുനരാഗമനത്തിനു പ്രാധാന്യം കൊടുക്കാത്ത ബൈബിൾ കോളജിൽ പഠിച്ചാൽ, അന്യഭാഷയോ, പ്രവചനമോ, വ്യാഖ്യാനമോ കാണാതെ പഠിച്ചോ അല്ലാതെയോ അല്പം ഉണ്ടെന്ന് കാണിച്ചാൽ, ഇടയനാകാനുള്ള അംഗീകാരവും (ഓർഡിനേഷൻ) സഭാ ചാർജ്ജും കൊടുക്കാൻ നേതൃത്വം തയ്യാറാണ്.

ആദിമസഭയിൽ അനുദിന മാനസാന്തരത്തിനും വിശുദ്ധ ജീവിതത്തിനും തദ്വാരാ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനും നേതാക്കൾ ആഹ്വാനം ചെയ്തുകൊണ്ടിരുന്നപ്പോൾ, ഇന്നത്തെ നേതാക്കൾ അബ്രഹാമിന്റെയും ദാവീദിന്റെയും ചരിത്രം വിവരിച്ച് അവർക്കുണ്ടായ ഭൗതീക അനുഗ്രഹം നമ്മുടെ അവകാശമാണെന്ന് പ്രഖ്യാപിച്ച് സഭായോഗം കൂടുന്നു. ഇന്നത്തെ ഉപവാസപ്രാർത്ഥനകളിലും സുഭിക്ഷമായ ഭക്ഷണവും മാന്യമായ സ്തോത്രകാഴ്ചയും ആണ് നേതാക്കളുടെ ലക്ഷ്യം. അവരെക്കുറിച്ച് വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു: "ആത്മപ്രശംസ നടത്തുന്ന ചിലരുടെ കൂട്ടത്തിൽ ചേരുവാനോ അവരോടു ഞങ്ങളെ തുലനം ചെയ്യുവാനോ തുനിയുന്നില്ല; അവർ തങ്ങളാൽ തന്നെ അളക്കുകയും തങ്ങളോടുതന്നെ തങ്ങളെ ഉപമിക്കുകയും ചെയ്യുന്നതുകൊണ്ട് തിരിച്ചറിവുള്ളവരല്ല" (2 കൊരി 10:12).

അനേക കഷ്ടങ്ങളിൽ കൂടിയാണ് ദൈവരാജ്യത്തിൽ കടക്കേണ്ടതെന്നും കഷ്ടം സഹിക്കാൻ വരം ലഭിച്ചിരിക്കുന്നത് അനുഗ്രഹമാണെന്നും പഠിപ്പിച്ചും കാണിച്ചും പൂർണ്ണ സഹിഷ്ണതയോടെ ആദിമ നേതാക്കൾ സ്വന്തം ജീവിതം വെളിപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇന്ന് ഭൗതീക നന്മകളണ് അനുഗ്രഹത്തിന്റെ മാനദണ്ഡമെന്ന് പഠിപ്പിച്ച്, വിശ്വാസത്തിൽ വന്നശേഷം **ഇന്ന ഇന്ന** ഭൗതീകനന്മകൾ ലഭിച്ചു എന്ന് സാക്ഷ്യം പറഞ്ഞ് ജനത്തെ പ്രലോഭിപ്പിക്കുന്നു. 'എന്റെ ജനത്തിനോ അതിഷ്ടമാകുന്നു (യിരെമ്യാവ് 5:31)'.

ഇടയനായാലും വിശ്വാസിയായാലും നിത്യജീവിതത്തിൽ അനുസരിക്കാൻ കർത്താവിന്റെ കല്പനകൾ പലതുണ്ട്. കല്പനകൾ എന്തൊക്കെയാണെന്ന് അറിയാൻപോലും താല്പര്യമില്ലാത്തവർ പലരും ഇടയന്മാരായിപ്പോയി. നിത്യജീവിതത്തിലെ കല്പനകൾ പ്രമാണിക്കാൻ കഴിയാത്തവൻ 'കള്ളനാകുന്നു സത്യം അവനിലില്ല' എന്നാണ് വചനം (1 യോഹ. 2:4). കർത്താവിന്റെ കല്പനകൾ പഠിപ്പിക്കുന്നതിന് പകരമായി ഒരു വിശ്വാസിക്ക് കിട്ടുന്ന ഉപദേശം സഭയിൽ കൃത്യമായി വരണമെന്നും ദശാംശം നിർബന്ധമായി കൊടുത്തിരിക്കണം എന്നുമാണ്. അല്ലെങ്കിൽ തന്നെ ഒരു പ്രാദേശിക സഭയിൽ അംഗത്വം നേടുക, സ്നാനം സ്വീകരിക്കുക, തിരുവത്താഴം കൈക്കൊൾക എന്നിവയിൽ കഴിഞ്ഞൊരു ക്രിസ്ത്യാനിത്വം ഉള്ളതായി ഇന്നത്തെ പെന്തെക്കോസ്ത് സഭകളിൽ അനുഭവപ്പെടുന്നില്ല.

പൂർണ്ണസമയ ശുശ്രൂഷയ്ക്ക് വിളിയുള്ളവർ വചനശുശ്രൂഷയിലും പ്രാർത്ഥനയിലും ഉറ്റിരുന്നതായി നാം വചനത്തിൽ വായിക്കുമ്പോൾ (അപ്പൊ. പ്രവ. 6:2), ഇന്നത്തെ പൂർണ്ണ സമയ ശുശ്രൂഷകർ സഭാഹാളിന്റെ പണി, പാർസനേജിന്റെ പണി, സ്കൂൾ, എൽ. ഐ. സി., മറ്റു നിർമ്മാണ, കല്യാണ, വാഹന, വസ്തു ബ്രോക്കർ പണികളിൽ ഇടപെട്ട് തിരക്കേറുന്നതിനാൽ ദൈവസന്നിധിയിലിരുന്നു പ്രാർത്ഥിക്കാനോ വചനം ആഴത്തിൽ മനസ്സിലാക്കാനോ സമയം കിട്ടുന്നില്ല. അതിനാൽ പണ്ടു പഠിച്ചതും ശീലിച്ചതുമായ പ്രാർത്ഥനകളും പ്രസംഗങ്ങളും അവർ നടത്തുന്നു.

പ്രത്യേക വേഷഭൂഷാദികളില്ലാതെ ദൈവശക്തി ആദിമ ശുശ്രൂഷകരിൽ വെളിപ്പെട്ടപ്പോൾ ഇന്ന് ഭക്തിയുടെ വേഷം ധരിച്ച്, വസ്ത്രത്തിൽ അല്പം മാറ്റം വരുത്തി, മീശയും താടിയും മൊത്തത്തിൽ വളർത്തിയോ, അല്ലെങ്കിൽ മൊത്തം വടിച്ചു കളഞ്ഞോ ഇടയന്മാരുടെ ഇഷ്ടവാഹനമായ 'ബൊലിറോ' വാഹനത്തിൽ ആന്തരിക ആത്മീയ ശക്തിയില്ലാതെ യാത്ര ചെയ്യുന്നു.

തുല്യയോഗ്യതയുള്ളവർക്ക് നേതൃത്വത്തിലേക്ക് ഒരു തിരഞ്ഞെടുപ്പ് ആവശ്യമായി വന്നപ്പോൾ, ദൈവത്തിൽ ആശ്രയിച്ച് ഒരു നുറുക്കെടുപ്പിലൂടെ പ്രശ്നം പരിഹരിച്ചപ്പോൾ, ഇന്ന് അവിശ്വാസികളെപ്പോലും നാണിപ്പിക്കുന്ന വിധത്തിൽ അന്യോന്യം അപകീർത്തിപ്പെടുത്തുന്ന നോട്ടീസുകളടിച്ച് വിതരണം ചെയ്ത്, പണവും സ്വാധീനവും ഉപയോഗിച്ച് ബാലറ്റിലൂടെ അധികാരത്തിൽ വന്ന് അപ്പൊസ്തലിക ശുശ്രൂഷ ഏറ്റെടുക്കുന്നു.

വിശ്വാസത്തിൽ വന്നവരെ കൂടുതൽ പഠിപ്പിക്കുകയും അവിശ്വാസികളുടെ ഇടയിൽ പ്രസംഗിച്ചും ആയിരുന്നു ആദിമ ശുശ്രൂഷാരീതി. ആധുനിക സഭാനേതാക്കൾ അവിശ്വാസികളെ ഒഴിവാക്കികൊണ്ട് വിശ്വാസികളുടെ ഇടയിൽ പലവിധ കൺവൻഷനുകൾ നടത്തി, **സ്ഥിരമായി പ്രസംഗിച്ചു** കൊണ്ടിരിക്കുന്നു. വചന പഠനം ഇല്ലാതെയായിരിക്കുന്നു.

ആദിമ നേതാക്കൾ സ്വന്തം കൈകൊണ്ട് അദ്ധ്വാനിച്ചിരുന്നു. മറ്റുള്ളവരെ സഹായിച്ചിരുന്നു. ഇന്നുള്ള നേതാക്കൾ ശരീരം അനക്കാതെ, ശരീരം വല്ലാതെ വീർപ്പിച്ച്, മറ്റുള്ളവരുടെ ബുദ്ധിമുട്ട് ശ്രദ്ധിക്കാതെ, ദശാംശവും മറ്റു പദ്ധതികളും ഉണ്ടാക്കി പിരിവെടുത്തു സ്വന്തം ആർഭാടത്തിന് ഉപയോഗിക്കുന്നു.

അപ്പൊസ്തലനായ പൗലോസിന്റെയും സുവിശേഷകരായിരുന്ന തിമൊഥെയോസിന്റെയും തിത്തോസിന്റെയും മറ്റു വിശ്വാസികളുടെയും പ്രവർത്തനം മൂലം വിശ്വാസസമൂഹം ഉണ്ടായതിനുശേഷമായിരുന്നു അവരുടെ ഇടയിൽ നിന്ന് വചനപ്രകാരം യോഗ്യതയുള്ളവരെ ഇടയന്മാരാക്കിയിരുന്നത്. 'അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിൽ അവരെ ഭരമേല്പിക്കയും ചെയ്തു' (അപ്പൊ. പ്രവ. 14:23). ഇന്നു രണ്ടുപേരെ വിശ്വാസത്തിലാക്കുവാൻ കിട്ടുന്നതിന് മുമ്പ് തന്നെ ഒരാളവിടെ പാസ്റ്ററാകുകയും കേന്ദ്രസഭയുടെ ശാഖയാണെന്നുള്ള പരസ്യപ്പലക തൂക്കുകയും ചെയ്യുന്നു.

കർത്താവിന്റെ കരുണകൊണ്ട് കടഭാരം മാറിയതു കൊണ്ടോ, ഭൂതം വിട്ടുപോയതു കൊണ്ടോ, രോഗസൗഖ്യം ഉണ്ടായതു കൊണ്ടോ ബൈബിൾ കോളജിൽ പഠിച്ചതുകൊണ്ടോ കൃപാവരങ്ങൾ ഉള്ളതുകൊണ്ടോ വേറൊരു പണിയും കിട്ടാഞ്ഞതുകൊണ്ടോ ഒരുവൻ ഇടയശുശ്രൂഷയ്ക്കു യോഗ്യത നേടുന്നില്ല. അതിന് ദൈവവചനപ്രകാരമുള്ള യോഗ്യതതന്നെ വേണം. യോഗ്യതയില്ലാത്തവൻ ഇടയശുശ്രൂഷ ചെയ്താൽ, കർത്താവിന് മാനഹാനി ഉണ്ടാക്കിയ ശേഷമേ അവിടം വിട്ടു പോകൂ. വചനത്തിന്റെ പിൻബലം ഇല്ലാതെ ഇടയ ശുശ്രൂഷ ചെയ്താൽ ഇന്നല്ലെങ്കിൽ നാളെ പ്രതിയോഗി മേൽക്കൈ നേടും. ചരിത്രം അതാണ് തുടരെതുടരെ പത്രങ്ങളിൽകൂടി വെളിപ്പെടുത്തുന്നത്.

## 01 ജനറൽ കൺവൻഷനു...

രുവല്ല, പുനലൂർ, മുക്കാഞ്ഞിരം, കരിയംപ്ലാവ് ജനറൽ കൺവൻഷനുകളും അവസാനിച്ചു. ഏ. ജി.യുടെ ശതാബ്ദി കൺവൻഷൻ ജനപങ്കാളിത്തം കൊണ്ടും അതിഥി പ്രസംഗകരുടെ പ്രകടനം കൊണ്ടും ശ്രദ്ധേയമായിരുന്നു. മുക്കാഞ്ഞിരത്ത് ജനപങ്കാളിത്തം കുറഞ്ഞു. പ്രസംഗകരും നിലവാരം പുലർത്തിയില്ല. കരിയംപ്ലാവിലും അതുപോലെതന്നെ. കോടികൾ ചെലവാക്കി ജനറൽ കൺവൻഷനുകൾ സംഘടിപ്പിക്കുമ്പോൾ സാങ്കേതികവിജയത്തിനപ്പുറത്ത് ആത്മീക വിജയം കൈവരിക്കാൻ കഴിഞ്ഞോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്.

## 01 പാസ്റ്റർ റ്റി. ജി. കോശി...



പാസ്റ്റർ പി. എ. ജോൺ



പാസ്റ്റർ ഏബ്രഹാം ജോസഫ്



പാസ്റ്റർ റ്റി. ഒ. പൊടിക്കുഞ്ഞ്

റർ ബാബു ജോർജ്ജ്, ഓഫീസ് സെക്രട്ടറി പാസ്റ്റർ റ്റി. ഒ. പൊടിക്കുഞ്ഞ്, കൗൺസിൽ അംഗങ്ങൾ പാസ്റ്റർ ജോൺ വർഗീസ്, പാസ്റ്റർ ഫിന്നി ജേക്കബ്, പാസ്റ്റർ റ്റി. ഐ. ഏബ്രഹാം, പാസ്റ്റർ ജോൺ വി. ജേക്കബ്, പാസ്റ്റർ റ്റി. ജി. ജോർജ്ജുകുട്ടി, പാസ്റ്റർ ജേക്കബ് ജോർജ്ജ്, ബ്രദർ മാത്യു ജോൺ, ബ്രദർ ഏബ്രഹാം ഉമ്മൻ എന്നിവരെയും ജനറൽ ബോഡി തെരഞ്ഞെടുത്തു.

കഴിഞ്ഞ കുറെ നാളുകളായി സഭാഭരണവുമായി ബന്ധപ്പെട്ട് വിശ്വാസികളിൽ വലിയൊരു വിഭാഗം എതിർപ്പുമായി രംഗത്തുണ്ടായിരുന്നു. പാസ്റ്റർ റ്റി. ജി. കോശി പടിയിറങ്ങുമ്പോൾ ശാരോൻ സഭ പുതിയ വഴിത്തിരിവിൽ എത്തിനിൽക്കുന്നു. പുതിയ നേതൃത്വത്തിന് എല്ലാവിധമായ ആശംസകളും.






ലേഖനം

# മരണകരമായ പാപം!!!



റെജി പോൾ
ഷാർജ
palachoodan@gmail/hotmail.com

ർഗത്തിലിരിക്കുന്ന ദൈവമോ, ശേഷം ദൂതന്മാരോ ഭൂമിയിലെ അച്ചടിച്ച വാർത്തകളൊന്നും വായിക്കാറില്ലെന്നത് സ്വാഭാവികം. എന്നാൽ സ്വർഗ്ഗം സന്തോഷിക്കുന്ന ഒരു തീരുമാനം ചർച്ച് ഓഫ് ഗോഡിന്റെ നേതൃസ്ഥാനത്തിരിക്കുന്നവർ എടുത്തതോർത്തു ഈ യുള്ളവനും സന്തോഷിക്കുന്നു. കാരണം, ആ തീരുമാനം മാന്യമായതും ഒരു ദുർപ്രവണതയെ ത്യജിച്ചു പറയുന്നതും മാത്രമായതു കൊണ്ടല്ല മറിച്ചു തങ്ങൾക്ക് വരുവാനിരിക്കുന്ന വലിയോരു ശിക്ഷാവിധിയിൽ നിന്ന് വിടുവിക്കാൻ തക്കവണ്ണം മറ്റനേകരുടെ കണ്ണ് തുറപ്പിക്കുന്നതും കൂടിയാണെന്നോർത്താണ്. റെവറണ്ട് പദവി ഇനി ചർച്ച് ഓഫ് ഗോഡിൽ ആർക്കും ഉപയോഗിക്കില്ല എന്ന തീരുമാനത്തിന് എത്രമാത്രം പ്രചാരവും പ്രചരണവും ലഭിച്ചെന്നറിയില്ല. ഏതായാലും കേട്ടവർ കേട്ടവർ മറ്റുള്ളവർക്ക് പകർന്നു നൽകിയാൽ അത് സാർവലൗകിക സഭയ്ക്ക് തന്നെ അനുഗ്രഹമായിരിക്കും.

സ്ഥാനമോഹത്തിന്റെ ആരംഭം: യെശയ്യാ 14:14 "ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു. ഇത് പറഞ്ഞവനെ ഇനിയൊരു നീക്കുപോക്കില്ലാത്ത നിലയിൽ വെട്ടി താഴെയിട്ട് ഇനി വരുവാനിരിക്കുന്ന നിത്യശിക്ഷാവിധിക്കായി സൂക്ഷിച്ചിരിക്കുമ്പോൾ, അതേ നിഗളത്തിന്റെയും ഞാനെന്ന ഭാവത്തിന്റെയും ആത്മാവിനാൽ പിടിക്കപ്പെട്ടവർ എത്രയധികം ഭയപ്പെടണം? ഏതെങ്കിലും ബൈബിൾ കോളേജിൽ നിന്നോ അല്ലെങ്കിൽ മുട്ടിന്മേൽ കോളേജിൽ നിന്നോ എവിടന്നായാലും പഠിച്ചു പഠിച്ചു വിവരമില്ലാതായ അനേകർ റെവറണ്ട് എന്ന സ്ഥാനപ്പേർ സ്വന്തനാമത്തിനു മുമ്പിലിട്ട് സുഖിക്കുമ്പോൾ ആ പദത്തിന്റെ സാമാന്യ അർത്ഥം എങ്കിലും മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. നാഴികയ്ക്ക് നാല്പതുവട്ടം സമുദായക്കാരെ കുറ്റം പറഞ്ഞു മിടുക്ക് കാണിക്കാൻ മാത്രം അറിയാവുന്നവർ ചില മേഖലകളിൽ അവരെക്കാൾ എത്രയോ അധഃപതിച്ചുവെന്നു തിരിച്ചറിയാത്ത ഒരു തലമുറയിലാണ് നാമെന്നു അറിയാതെയല്ല ഇതെഴുതുന്നത്.

**വാക്കിന്റെ അർത്ഥം:** നൂറ്റി പതിനൊന്നാം സങ്കീർത്തനത്തിന്റെ ഒമ്പതാം വാക്യത്തിൽ കാണുന്ന "അവന്റെ നാമം വിശുദ്ധവും ഭയങ്കരവും ആകുന്നു" എന്ന ഭാഗത്താണ് റെവറണ്ട് എന്ന വാക്കിന്റെ മുഖ്യപ്രയോഗം. ഇവിടെ YARE എന്ന എബ്രായ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് കൂടാതെ സങ്കീർത്തനം 89:7-ൽ, ദൈവത്തോടുള്ള മനുഷ്യന്റെ സമീപനവും, ലേവ്യ പുസ്തകം 19:30, 26:2-കളിൽ ആരാധന സ്ഥലത്തെ ദൈവസാന്നിധ്യത്തെയും പ്രകീർത്തിക്കുന്നു. ഈ എബ്രായ വാക്കിന്റെ മൂലാർത്ഥം ഭയങ്കരം അഥവാ ഭയത്തിനു യോഗ്യം എന്നാണ്. മൂലയവന പദമായ FOBERON എന്ന വാക്കിന്റെ അർത്ഥം ഭയവും ഭീതിയും (Fear & frihgt) എന്നു തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു. പുതിയ നിയമത്തിലേക്ക് വരുമ്പോൾ ENTREPOMAI എന്ന കോയിനെ ഗ്രീക്ക് പദം ആണ് കാണുന്നത്. അവിടെയും ഭയത്തിനും ബഹുമാനത്തിനും യോഗ്യൻ എന്ന അർത്ഥം തന്നെ. ഉദാ. എബ്രായർ 12:28 "ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക".

**സഭാപ്രവേശനം:**

ഈ വക സാത്താന്യ സ്ഥാനമോഹങ്ങളും സ്ഥാനപ്പേരുകളും ദൈവ സഭയിൽ എങ്ങനെ കയറിക്കൂടിയെന്നു പരിശോധിക്കാം. ഒന്നാമതായി ഇതൊരു നാമവിശേഷണമാണ്. കാരണം ഭയത്തിനു യോഗ്യൻ എന്നത് വിശേഷണമാണ് മറിച്ച് ഒരു നാമമോ തലക്കെട്ടോ അല്ലെന്നത് പ്രയോഗത്തിൽ നിന്ന് തന്നെ വ്യക്തം. റോമൻ കത്തോലിക്കാ സഭയിലെ ബിഷപ്പുമാർ ഉപയോഗിച്ച് വന്ന Most Reverend എന്ന സ്ഥാനവും ആംഗ്ലിക്കൻ സഭയിലെ Right Reverend സ്ഥാനവുമൊക്കെയാണ് ദൈവസഭയിലെ ശുശ്രൂഷകന്മാരെയും കൊതിപ്പിച്ചത്. Reverendus എന്ന ലത്തീൻ പദത്തിന്റെ ആംഗലേയവൽക്കരണമാണ് Reverend എന്ന വാക്കിനാധാരം. ഇരുപതാം നൂറ്റാണ്ടിലും ഇരുപത്തൊന്നാം നൂറ്റാണ്ടിലും പ്രചുര പ്രചാരം നേടിയ ഈ സ്ഥാനപ്പേര് ദൈവസഭക്കാരും കടമെടുത്തു തുടങ്ങിയപ്പോൾ അത് സാർവ ലൗകികമായി സ്വീകാര്യമായ ഒന്നായി തോന്നിയത് സ്വാഭാവികം. ഏതായാലും അത്യുന്നതനോട് സമനാവാൻ ശ്രമിച്ചു പരാജയപ്പെട്ടവന്റെ അടിമത്വത്തിലേക്ക്, "നാഥന് മുൾമുടി നൽകിയ ലോകമേ..നീ തരും പെരെനിക്കെന്തിനായ്" എന്ന് പാടുന്നവർ തല വച്ച് കൊടുക്കുന്നത് ചെറുതല്ലാത്ത ആത്മീയ ദുരന്തമാണ്. തന്നോട് സമനാവാൻ മത്സരിച്ചവനെ തകർത്തു കളഞ്ഞ ദൈവം തനിക്കു മാത്രം നല്കപ്പെട്ട വിശേഷനാമം കവർന്നെടുക്കാൻ ശ്രമിക്കുന്നവരെ വെറുതെ വിടുമോ? യെശയ്യ 42:8-ൽ "ഞാൻ യഹോവ അതുതന്നേ എന്റെ നാമം; ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല" എന്ന് വിളിച്ചു പറയുന്ന സർവ്വശക്തന്റെ മഹത്വം പൊടിയിൽ നിന്നെടുത്ത, മൂക്കിൽ ശ്വാസംമാത്രമുള്ള മനുഷ്യൻ കവരാൻ ശ്രമിച്ചാൽ എന്തുത്തരം പറയാൻ? വേദാദ്ധ്യാപനത്തിൽ ഗുരുസ്ഥാനീയനും സമ്പൂർണ്ണ ദൈവ ശാസ്ത്രത്തിന്റെ മലയാള ഗ്രന്ഥരചയിതാവുമായ മാന്യദേഹത്തോട് ഈ സ്ഥാനപ്പേര് ഉപയോഗിക്കുന്നതിന്റെ അനൗചിത്യത്തെക്കുറിച്ചു ചോദിച്ചിട്ടും തൃപ്തികരമല്ലാത്ത മറുപടിയിൽ ഒരുക്കിയതോർമ്മ വരുന്നു. അറുവിള്ളവരുടെ അവസ്ഥ ഇതാണെങ്കിൽ അറിവില്ലാത്ത വിജ്ഞാന കോശങ്ങളുടെ ഗതി എന്തായിരിക്കും? സഭ ഈ തീരുമാനം നടപ്പാക്കുന്നതിന് മുമ്പേ തന്നെ ഗൾഫിലുള്ള കുറെ റെവറണ്ടുമാർ അവിടവും വിട്ട് ഡാക്കിട്ടർ സ്ഥാനമാകുന്ന സർവജ്ഞ പീഠം കയറിക്കഴിഞ്ഞു എന്നത് ആശ്വാസം. തിരുവെഴുത്തുകളെ സംബന്ധിച്ച് ഒന്നു മനസ്സിലായില്ലെങ്കിലും എല്ലാം മനസ്സിലായി എന്ന് ശുപാർശ ചെയ്യുന്ന സായിപ്പിന്റെ ഒപ്പിട്ട കടലാസ് പണമയച്ചു കൊടുക്കുന്ന മുറയ്ക്ക് തപാൽ വഴിയും സായിപ്പു നേരിട്ട് വന്നും കയ്യേൽപിക്കുമ്പോൾ ആനന്ദ ലബ്ധിക്കിനി എന്ത് വേണ്ടു എന്നോർത്ത് ആത്മനിറവ് അനുഭവിക്കുന്നവരോട് സഹതപിക്കാം. ആദിമ സഭയിൽ ഒരു ലൂക്കോസ് താൻ വൈദ്യനെങ്കിലും ഡാക്കിട്ടർ എന്ന വിശേഷണം പേരിനു മുമ്പിൽ ചേർക്കാതെ സുവിശേഷം എഴുതിയ സ്ഥാനത്ത്, ഇന്നൈവല്ലാവരും Dr. എന്നു ചേർത്ത് കൺവൻഷൻ നോട്ടീസിൽ പേരടിക്കുമ്പോൾ, അധികം താമസിയാതെ ഈ മേഖലയിൽ തന്നെ ആത്മീയ ഗൈനക്കോളജിസ്റ്റും ആത്മീയ അസ്ഥിരോഗനവിദഗ്ധനുമൊക്കെ എഴുന്നേൽക്കാൻ സാധ്യത മുന്നിൽ കണ്ടായിരിക്കണം, ദൈവഭയം ബാക്കിയുള്ള ചിലരെങ്കിലും കർത്താവേ വേഗം വരേണമേ എന്ന് നെഞ്ചത്തടിയ്ക്കുന്നത്. കഞ്ഞിയ്ക്ക് അരി പോയിട്ട് ഉപ്പുമാവിന് റവ പോലുമില്ലാതിരുന്ന പല മാന്യന്മാരും സുവിശേഷ പ്രസംഗവും സഭാ നടത്തിപ്പുമൊക്കെ വഴി പണമുണ്ടാക്കിയപ്പോൾ പേരിനു മുമ്പേ റവ ചേർത്ത് വെച്ചത് ഏതായാലും നന്മയ്ക്കല്ല തിന്മയ്ക്കായിട്ടത്രേ. കാരണം നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ (എബ്രായർ 12:29). ചെവിയുള്ളവൻ കേൾക്കട്ടെ.

## കല്ലുകടി

### അങ്ങനെ മാടപ്പള്ളിയും പ്രസംഗിച്ചു

നറൽ കൺവൻഷനുകൾ സമാപിച്ചു. മലയാള മനോരമയിൽ പ്രസംഗകരുടെ നീണ്ടലിസ്റ്റ് എല്ലാദിവസവും വരുന്നത് കൗതുകത്തോടെ വായിക്കാറുണ്ട്. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷന്റെ ഉദ്ഘാടന റിപ്പോർട്ട് വായിച്ചപ്പോൾ ഒത്തിരി സന്തോഷം തോന്നി. പലപ്രസംഗകരും പുതുമുഖങ്ങൾ. ഒരു വലിയ മാറ്റം വന്നല്ലോ എന്നോർത്ത് റിപ്പോർട്ട് ഒന്നുകൂടെ വായിച്ചപ്പോഴാണ് സംഗതി ബോധ്യമായത്. സ്ഥിരം പ്രസംഗകർ തന്നെയാണ് പ്രസംഗിച്ചിരിക്കുന്നത്. പക്ഷെ പേരിലെ ഇനീഷ്യലുകൾ എല്ലാം പരസ്പരം മാറിപ്പോയിരിക്കുന്നു. എന്നാൽ തെറ്റാതെ കിടക്കുന്ന പേര് കണ്ടപ്പോൾ ഒത്തിരി സന്തോഷമായി. പാസ്റ്റർ ജോസഫ് മാടപ്പള്ളിയും പ്രസംഗിച്ചു. ചർച്ച് ഓഫ് ഗോഡിന്റെ അരുമസന്താനമായ ജോസഫ് മാടപ്പള്ളി വളർന്നു പന്തലിച്ചതിൽ ഒത്തിരി സന്തോഷമായി. അപ്പോഴും ഒരു സംശയം ബാക്കി. ഉദ്ഘാടന സ്റ്റേജിലെങ്ങും കക്ഷിയെ കാണാനില്ലായിരുന്നുവെന്നത് യാഥാർത്ഥ്യം. സ്റ്റേജിലില്ലാതിരുന്ന വ്യക്തി എങ്ങനെ പ്രസംഗിച്ചു എന്നത് ഒരു സംശയമായി മനസ്സിൽ അവശേഷിച്ചു. കാരണം അന്വേഷിച്ച് പോയപ്പോൾ സംഗതി പിടികിട്ടി. പ്രസംഗകൊതിയന്മാരും പ്രശസ്തി കാംക്ഷിക്കുന്നവരും തങ്ങൾ ഏതൊണ്ടൊക്കെയോ ആണെന്ന് വരുത്തി തീർക്കാൻ ശ്രമിക്കുന്നവരും വേദി കിട്ടാത്തപ്പോൾ ചെയ്യുന്ന പതിവ് പരിപാടിയാണിത്. കഴുത ചിലതൊക്കെ കരഞ്ഞുതീർക്കുമെന്ന് കേട്ടിട്ടുണ്ട്. ആ ഇനത്തിൽപെട്ട ഒന്നാണ് ഇതെന്ന് പിന്നീടാണ് മനസ്സിലായത്. റിപ്പോർട്ടു കൊടുക്കുമ്പോൾ പപ്പടം കാച്ചിയവനും തുണുകുഴിച്ചിട്ടവനും ഒക്കെ പ്രസംഗിച്ചുയെന്ന് എഴുതിച്ചേർക്കുന്ന അഭ്യാസങ്ങളിലൊന്നാണ് ഇവിടെയും നടന്നത്. ഇവനെത്ര മഹാനെന്ന് നോക്കുവീൻ എന്ന് വേദപുസ്തകത്തിലുണ്ട്. എന്നാൽ ഇക്കൂട്ടർ ഞാനെത്ര മഹാനെന്ന് നോക്കുവീൻ എന്ന് മാലോകരെ അറിയിക്കുകയാണ്. നാടൻ ഭാഷയിൽ അല്പത്തരമെന്നും തറയിടപാടെന്നും ഒക്കെ പറയും. കുമ്പനാടും ഇതിൽ നിന്ന് വിഭിന്നമല്ല. കുമ്പനാട് കൺവൻഷൻ യോഗങ്ങളിലെ റിപ്പോർട്ട് മനോരമയിൽ വരുമ്പോൾ രാത്രിയോഗത്തിലെ ആദ്യപ്രസംഗകന്റെ പ്രസംഗമാണ് പതിവായി വരാറുള്ളത്. എന്നാൽ ഫിലിപ്പ് പി. തോമസ് പ്രസംഗിച്ച രാത്രിയോഗത്തിൽ പതിവ് തെറ്റി (കുമ്പനാട് കൺവൻഷനിൽ ഇക്കുറി നടന്ന പ്രസംഗങ്ങളിൽ സാമാന്യ നിലവാരം പുലർത്തിയ പ്രസംഗംകൂടിയായിരുന്നു ഫിലിപ്പ് പി. തോമസിന്റേത്). അവസാനപ്രസംഗകനായ കെ. സി. തോമസിന്റെ പ്രസംഗമാണ് മനോരമയിൽ വന്നത്. കാര്യം നിസ്സാരം. റിപ്പോർട്ട് കൊടുക്കുന്ന വ്യക്തി കെ. സി. തോമസിന്റെ ഗ്രൂപ്പുകാരനാണ്. ഒതുക്കുക, തമസ്കരിക്കുക, പൊക്കുക ഇതൊക്കെയാണ് കിട്ടുന്ന അവസരം കൊണ്ട് കൺവീനറുമാരുടെ പണി. അല്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രിക്ക് കുടപിടിക്കുമെന്നത് പഴമൊഴി. എന്നാൽ കുട മാത്രമല്ല അർദ്ധരാത്രിക്ക് കൂളിങ്ങ് ഗ്ലാസ്സും വെയ്ക്കുമെന്നത് പുതുമൊഴി.

**അടിക്കുറിപ്പ്:** കല്ലുകടിയുടെ പേരിൽ ജേണൽ പ്രവർത്തകരെ മൂക്കിൽ കേറ്റുമെന്നൊന്നും ദയവായി ഭീഷണിപ്പെടുത്തരുത് എന്നൊരു അപേക്ഷമാത്രം.

### 01 ⇦ പാസ്റ്റർ കെ. എം. ജോൺ വിട വാങ്ങി...

ന്ന് ആലപ്പുഴ, പരുമല, പുതുപ്പള്ളി എന്നീ സഭകളുടെ ശുശ്രൂഷകനായി പ്രവർത്തിച്ചു. 1958-ൽ പാസ്റ്റർ കെ. ഇ. ഏബ്രഹാം കൈവെപ്പ് നൽകി മലബാറിന്റെ അപ്പോസ്തലനായി അയച്ചു. രണ്ട് പതിറ്റാണ്ടുകാലം മലബാറിൽ സുവിശേഷ വേല ചെയ്യുകയും ഐ. പി. സി. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഐ. പി. സി.യുടെ പ്രവർത്തനങ്ങൾ മലബാറിൽ അടിസ്ഥാനം ഇടുന്നതിനും വളർത്തുന്നതിനും പാസ്റ്റർ കെ. എം. ജോൺ വഹിച്ച പങ്ക് വളരെ വലുതായിരുന്നു.

1978-ൽ കല്ലിശ്ശേരി സഭാശുശ്രൂഷകനായി മടങ്ങിവന്നു. പിന്നീട് വളഞ്ഞവട്ടം സഭയുടെ ശുശ്രൂഷകനായി പ്രവർത്തിച്ചു. 1990 മുതൽ ചെങ്ങന്നൂർ സെന്ററിന്റെ ചുമതല വഹിച്ചുവരികയായിരുന്നു. മികച്ച പ്രസംഗകൻ, സംഘാടകൻ, അദ്ധ്യാപകൻ എന്നീ നിലകളിലെല്ലാം താൻ അറിയപ്പെട്ടു. വിവിധ വേദപാഠശാലകളിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു. നൂറുകണക്കിന് വേദവിദ്യാർത്ഥികളെ അഭ്യസിപ്പിക്കുവാൻ തനിക്ക് കഴിഞ്ഞു. ഐ. പി. സി. നേതൃനിരയിൽ ഗണനീയ സ്ഥാനമായിരുന്നു പാസ്റ്റർ കെ. എം. ജോണിനുണ്ടായിരുന്നത്. ഔദ്യോഗിക പദവികൾ ഒഴിഞ്ഞശേഷം ഐ. പി. സി. സീനിയർ ജനറൽ മിനിസ്റ്റർ പദവി വഹിച്ചുവരികയായിരുന്നു.

ഐ. പി. സിയുടെ ആദ്യകാല ശുശ്രൂഷകരിൽ പ്രമുഖനായിരുന്ന പാസ്റ്റർ എം. എം. ചാക്കോച്ചന്റെ (ഭക്തൻ കുട്ടിയച്ചൻ) മകൾ പരേതയായ ഭക്തമറിയാമ്മ ആയിരുന്നു ഭാര്യ. മക്കൾ: ജോൺ കർമ്മേൽ (രാജു), പാസ്റ്റർ ജേക്കബ് ജോൺ (സണ്ണി), വത്സമ്മ കോര, സൗമി കുരുവിള. മരുമക്കൾ: ലീലാമ്മ, ബേബി, ഡോൺ കുരുവിള.

ബിലീവേഴ്സ് ജേണൽ പ്രയർ ലൈൻ

നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾക്കായി 24 മണിക്കൂറും പ്രയർ ഹെൽപ് ലൈൻ ആരംഭിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ താഴെ പറയുന്ന ടെലിഫോൺ നമ്പറുകളിലോ ഇ–മെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്.

ഫോൺ: 9947743346, 9526602670, 9633004588
Email: beljournprayer@gmail.com

# കുമ്പനാട് കൺവൻഷൻ ദൃശ്യങ്ങൾ ക്യാമറകണ്ണിലൂടെ..

**91–ാമത് ഐ. പി. സി. ജനറൽ കൺവൻഷൻ വൻ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ആക്ടിംഗ് ജനറൽ സെക്രട്ടറിയായി ചുമതലയേറ്റെടുത്ത പാസ്റ്റർ സാം ജോർജ്ജിന്റെയും ട്രഷറർ ബ്രദർ ജോൺ ജോസഫിന്റെയും സംഘാടകമികവും ശ്രദ്ധിക്കപ്പെട്ടു.**



ജനറൽ നേതൃത്വം



എല്ലാം ഭംഗിയാണല്ലോ....
പാസ്റ്റർ സാം ജോർജ്ജും പാസ്റ്റർ ജേക്കബ് ജോണും



പാസ്റ്റർ തോമസ് വി. കോശി



കേരളാ സ്റ്റേറ്റ് നേതൃത്വം



ഡോ. റ്റി. വൽസൺ എബ്രഹാം



അല്പം ഓഫീസ്കാര്യം ജനറൽ സെക്രട്ടറിയും
ട്രഷററും ഓഫീസ് മാനേജർ സുബിൻ...



എന്റെ ഓർമ്മയ്ക്കായി ഇത് ചെയ് വിൻ
കർത്തൃമേശ പാസ്റ്റർ എം. വി. വർഗീസ്



പാസ്റ്റർ റ്റി. എസ്. എബ്രഹാം
കർത്തൃമേശയിൽ പങ്കാളിയാകുന്നു

## അവലോകനം

# ചില കൺവൻഷൻ വിചാരങ്ങൾ



ജെയ്സ് പാണ്ടനാട്

നറൽ കൺവൻഷനുകൾക്ക് തിരശീല വീണു. ഒരു വർഷകാലമായി കാത്തിരുന്ന വാർഷിക സമ്മേളനങ്ങളിൽ നിന്നും ലഭിച്ച പാഠങ്ങൾ, ആവേശങ്ങൾ, തിരുത്തലുകൾ എന്തൊക്കെയാണ്. കേവലം ഭൗതിക വിജയമെന്ന് സാങ്കേതികമായി പറയാമെങ്കിലും ആത്മീകമായി വിജയമെന്ന് അവകാശപെടാമോ? നേട്ടങ്ങളുടെ ബാലൻസ് ഷീറ്റിൽ എത്ര? എന്തുനേടി? ഇനിയും ആത്മ പരിശോധനയുടെ നാളുകളാണ്.

കുമ്പനാട് കൺവൻഷന്റെ ക്രമീകരണങ്ങൾ മികച്ചതായിരുന്നു. മനോഹരമായ പന്തൽ, മികച്ച ഭക്ഷണം, പാർക്കിംഗ് സൗകര്യം എല്ലാം മെച്ചമായിരുന്നു. ഉദ്ഘാടന ദിവസം മുതൽ വമ്പിച്ച ജനപങ്കാളിത്തമായിരുന്നു. എന്നാൽ പ്രസംഗങ്ങൾ നിരാശപ്പെടുത്തി. "നിസ്തുലനായ ക്രിസ്തു" എന്ന ചിന്താവിഷയത്തോട് ഭൂരിപക്ഷം പ്രസംഗകരും നീതി പുലർത്തിയില്ല. തങ്ങൾക്ക് ലഭിച്ച 'സബ് ടൈറ്റിലിൽ' നിൽക്കാതെ കാടുകയറി ഒരുവിധത്തിൽ സമയം തീർക്കുകയായിരുന്നു. പാസ്റ്ററന്മാരായ കെ. ജെ. തോമസ്, സണ്ണി കുര്യൻ, തോമസ് ഫിലിപ്പ്, ഫിലിപ്പ് പി. തോമസ് എന്നിവരാണ് വിഷയത്തോട് നീതി പുലർത്തിയത്. പാസ്റ്റർ ജോർജ് മോനച്ചനും തരക്കേടില്ലായിരുന്നു. പല പ്രസംഗങ്ങളും ആവർത്തന വിരസതയുണ്ടാക്കി. ഒരു വിഷയം പലതായി വിഭജിച്ച പ്പോൾ ലഭിച്ച വിഷയത്തിന്റെ ആഴത്തിലേക്ക് പോകാതെ പര ത്തി പ്രസംഗിക്കുന്നത് വ്യാപകമായി കണ്ടു. പ്രസംഗങ്ങൾക്ക് 'ഡെപ്ത്ത്' ഇല്ലായിരുന്നു. പണം വാങ്ങി പ്രസംഗം നൽകുന്നതും 'ഉപകാരസ്മരണ'യ്ക്ക് വേദി നൽകുന്നതും കേൾവിക്കാരോട് ചെയ്യുന്ന വലിയ പാതകമാണ്.

ക്രിസ്തുശാസ്ത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളാണ് ഓരോ രാത്രിയും വിഭജിച്ചു നൽകിയത്. വിഷയാധിഷ്ഠിത പ്രസംഗം നടത്തി വശമില്ലാത്ത 'അലിഗറി' പ്രസംഗകർ തങ്ങളുടെ പതിവുശൈലി പുറത്തെടുത്തു. ജനത്തെ ഇളക്കി, കൈയ്യടിപ്പിച്ച് സംതൃപ്തിയടഞ്ഞു. പ്രമേയ ബാഹ്യ വിഷയങ്ങളിലേക്ക് നടന്ന് ചിലരുടെ നാക്ക് പിഴച്ചത് വേദിയെ അസ്വസ്ഥമാക്കി. കർത്തൃമേശപോലെയുള്ള ഗൗരവമായ വേദികളെ മലിനമാക്കിയ ഡൽഹിയുടെ അപ്പൊസ്തലൻ "മൈക്ക് കിട്ടിയാൽ നില മറക്കുന്ന" രാഷ്ട്രീയക്കാരെപ്പോലെയായി. ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന ബി. മോനച്ചന് അടുത്ത വർഷം വേദികിട്ടുമോ എന്ന് കണ്ടറിയണം. പാസ്റ്റർ ജേക്കബ് ജോൺ, സാം ജോർജ്ജ്, ജോൺ ജോസഫ് എന്നിവരുടെ സംഘാടക മികവിന് അഭിനന്ദനം അർഹിക്കുന്നു. മിഷണറി കോൺഫ്രൻസ്, യൂത്ത് കൺവൻഷൻ എന്നിവയിൽ ജനപങ്കാളിത്തം കുറവായിരുന്നു. മുൻ കാലങ്ങളിലെപ്പോലെ കുട്ടികളുടെ പ്രോഗ്രാം ഇല്ലാതെ പോയ ത് നിരാശജനകമാണ്.

> കൺവൻഷനുകൾ പൂർത്തിയാകുമ്പോൾ കോടികളുടെ ചിലവാണ് ഉണ്ടാകുന്നത്. മിഷൻ, സഭാ വളർച്ച, ആത്മീയ വർദ്ധനവ്, ശുശ്രൂഷകപരിശീലനം, സമർപ്പണം എന്നീ വിഷയങ്ങളിൽ എന്തെങ്കിലും ഗൗരവമായ ചുവട് വെയ്പ് ഉണ്ടായോ? ആത്മാക്കളുടെ രക്ഷ, രോഗശാന്തി എന്നിവ നടന്നോ? രാഷ്ട്രീയക്കാരെ വിശുദ്ധ വേദികളിൽ കയറ്റുന്നത് അപകർക്ഷതാബോധത്തിന്റെ ലക്ഷണമാണ്. പണം നല്കി ആശംസ പറയാൻ കേറുന്ന അല്പന്മാരുടെ പൊങ്ങച്ചം അപഹാസ്യമാണ്. അതുപോലെ തന്നെ പണം നല്കി പ്രസം ഗം പിടിക്കുന്ന മൈക്ക് മാനിയ ബാധിച്ച പൊങ്ങച്ചക്കാരും ജന ത്തെ ബോറടിപ്പിക്കുന്നു.

ചർച്ച് ഓഫ് ഗോഡ് കൺവൻഷനിലെ ആസൂത്രണ പിഴവും സംഘാടക പാളിച്ചയും ശ്രദ്ധേയമായി. പാർക്കിംഗിലെ അസൗകര്യം, യാത്രായോഗ്യമല്ലാത്ത റോഡ് എല്ലാം പ്രതിസന്ധി സൃഷ്ടിച്ചു. മുൻവർഷങ്ങളെ അപേക്ഷിച്ച് ജനപങ്കാളിത്തം കുറഞ്ഞു. "ക്രിസ്തു യേശുവിലുള്ള ഭാവം"എന്ന ചിന്താവിഷയത്തോട് നീതി പുലർത്തിയത് പാസ്റ്റർമാരായ ബെൻസൻ മത്തായി, വി. ഒ. വർഗീസ് എന്നിവർ മാത്രം. സിസിൽ മാത്യു, ജോൺ തോമസ്, സണ്ണി താഴാംപള്ളം, പി. ആർ. ബേബി എന്നിവർ കസേരക്കളിക്കാരെ കശക്കിയെറിഞ്ഞു. തോർത്ത് അരയിൽ ചുറ്റി കാലുകഴുകുന്ന ദാസനേതൃത്തിന്റെ മനോഭാവം ഊന്നിപ്പറഞ്ഞു. പ്രസംഗത്തിലുടനീളം ആക്രമണശൈലിയിലായിരുന്നു സിസിൽ മാത്യു സ്വീകരിച്ചത്. പാവപ്പെട്ടവന്റെമേൽ കുതിരകയറുന്ന കസേരയുടെ രാഷ്ട്രീയത്തിനു പകരം താഴ്മയുടെ ഏഴാം പടികളിലേക്ക് ഇറങ്ങിവരുന്ന 'തോർത്തിന്റെ ദൈവശാസ്ത്രം' വിവരിച്ചപ്പോൾ പന്തൽ ഇളകി മറിഞ്ഞു.

ഏ. ജി. കൺവൻഷൻ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. അതിഥി പ്രസംഗകർക്ക് അവസരം കൊടുത്തത് പുതുമയായി. ഐവാൻ സത്യവ്രത, പാപ്പി മത്തായി എന്നിവരുടെ പ്രസംഗം വിഷയത്തോടെ നീതി പുലർത്തി. "ദൈവത്തിങ്കലേക്ക് മടങ്ങുക" എന്ന ചിന്താവിഷയം ശതാബ്ദി ആഘോഷിക്കുന്ന സഭയ്ക്ക് ഉണർവേകി. കോശി വൈദ്യൻ, കെ. ജെ. മാത്യു, പി. എസ്. ഫിലിപ്പ്, തോമസ് ഫിലിപ്പ് എന്നിവർ വിഷയാസ്പദമാക്കി തന്നെ സംസാരിച്ചു. സൂപ്രണ്ടിന്റെ സമാപനസന്ദേശം ഗംഭീരമായിരുന്നു. 'ഘർവാപസി'യുടെ പശ്ചാത്തലത്തിൽ വിഷയങ്ങളെ വിശദീകരിച്ച് ജനത്തെ ഉറപ്പിച്ചു.

ചർച്ച് ഓഫ് ഗോഡ് റീജിയൻ കൺവൻഷൻ വലിയ നിലവാരം പുലർത്തിയില്ല. പ്രസംഗങ്ങൾ ശുഷ്കമായിരുന്നു. പാസ്റ്റർ രാജു ആനിക്കാടിന്റെ പ്രസംഗം മാത്രമാണ് നിലവാരം പുലർത്തിയത്. ജനപങ്കാളിത്തം കുറഞ്ഞു. നമ്മുടെ അവകാശത്തിന്റെ പങ്ക് എന്നതായിരുന്നു തീം. ഉള്ള അവകാശങ്ങൾ പണയപ്പെടുത്തിയവർക്ക് പുതിയത് ചോദിക്കാൻ എന്തവകാശമാണ് ഉള്ളത്. ദേശാന്തരികളായ യിസ്രയേൽ മക്കൾ 40 വർഷത്തെ അലഞ്ഞ് നടക്കലിന് ശേഷം സ്വന്തമായി വാസം ഉറപ്പിച്ചതാണ് അവരുടെ അവകാശം. പാമ്പാടിയിലും പാക്കിലും നെടുങ്ങാടപള്ളിയിലും ജനസഞ്ചാരമില്ലാത്ത ദേശത്ത് ഉഴന്ന് നടന്നവർ ഇപ്പോൾ മുക്കാഞ്ഞിരത്ത് എത്തി നില്ക്കുന്നു. ഒരു കപ്പ് പായസത്തിന് 'അവകാശം' വിറ്റുകളഞ്ഞവർ നാല് പതിറ്റാണ്ട് കഴിഞ്ഞിട്ടും സ്ഥിരവാസം ഉറപ്പിച്ചിട്ടില്ല. അവകാശങ്ങളിലേക്ക് മടങ്ങി വരട്ടെ.

കരിയാംപ്ലാവ് കൺവൻഷനും ജനം കുറവായി തുടങ്ങി. പ്രസംഗങ്ങൾ തീരെ നിലവാരം പുലർത്തിയില്ല. രാജുകുട്ടി പാസ്റ്ററുടെ പ്രസംഗം എന്നും മികച്ചതായിരിക്കും. അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പ്രസംഗകർ ജനത്തെ ബോറടിപ്പിച്ചു. കൺവൻഷൻ ആകർഷമാക്കാൻ സംഘാടകർ ഇനിയും ശ്രദ്ധക്കേണ്ടതുണ്ട്.

കൺവൻഷനുകൾ പൂർത്തിയാകുമ്പോൾ കോടികളുടെ ചിലവാണ് ഉണ്ടാകുന്നത്. മിഷൻ, സഭാ വളർച്ച, ആത്മീയവർദ്ധനവ്, ശുശ്രൂഷകപരിശീലനം, സമർപ്പണം എന്നീ വിഷയങ്ങളിൽ എന്തെങ്കിലും ഗൗരവമായ ചുവട് വെയ്പ് ഉണ്ടായോ? ആത്മാക്കളുടെ രക്ഷ, രോഗശാന്തി എന്നിവ നടന്നോ? രാഷ്ട്രീയക്കാരെ വിശുദ്ധ വേദികളിൽ കയറ്റുന്നത് അപകർക്ഷതാബോധത്തിന്റെ ലക്ഷണമാണ്. പണം നല്കി ആശംസ പറയാൻ കേറുന്ന അല്പന്മാരുടെ പൊങ്ങച്ചം അപഹാസ്യമാണ്. അതുപോലെ തന്നെ പണം നല്കി പ്രസംഗം പിടിക്കുന്ന മൈക്ക് മാനിയ ബാധിച്ച പൊങ്ങച്ചക്കാരും ജനത്തെ ബോറടിപ്പിക്കുന്നു. അടുത്ത സീസണിലെങ്കിലും മാറ്റം ഉണ്ടാകും എന്ന് പ്രതീക്ഷിക്കാം.

## ഡോ.കോര സംസാരിക്കുന്നു



1. നാല് നില വീടുള്ളവനാണ് രണ്ടുനില ഉള്ള എന്നെ വിമർശിക്കുന്നതെന്ന് പെൺപിള്ളാർ വളർന്നാൽ കെട്ടിക്കേണ്ടെ എന്നൊക്കെ ചർച്ച് ഓഫ് ഗോഡ് കൺവൻഷനിൽ ഒരു പ്രസംഗകൻ അടിച്ചുവിടുന്നത് കോര കേട്ടോ?

**– മോൻസി മുളക്കുഴ**

*ചർച്ചിന് ഗ്രോത്ത് ഉണ്ടായില്ലെങ്കിലും തനിക്ക് ഗ്രോത്ത് ഉണ്ടാക്കിയ പ്രസംഗകനല്ലേ ക്രിസ്തുഭാവത്തിന്റെ ആൾരൂപമായ ഈ മാന്യദേഹത്തെ അടുത്ത ലക്കങ്ങളിൽ പരിചയപ്പെടുത്താൻ കോരയ്ക്ക് ആഗ്രഹമുണ്ട് മോൻസി.*

2. പെന്തെക്കോസ്തിലെ പല നേതാക്കന്മാരും പത്രം ഉടമകളാകുന്നതിന്റെ ഉദ്ദേശമെന്താണ് കോരേ?

**– സുബിൻ കുമ്പനാട്**

*സ്വന്തം പത്രത്തിലാകുമ്പോൾ സ്വന്തമഹത്വം വിവിധ നിലകളിൽ നാട്ടാരെ അറിയിക്കാമല്ലോ.*

3. ചില നേതാക്കന്മാരും ചില പ്രസംഗകരും മാധ്യമങ്ങൾക്കെതിരെ കലിതുള്ളാൻ കാരണം എന്താണ് കോരേ?

**– ചെറിയാൻ, റാന്നി**

*ഉള്ളത് പറയുമ്പോൾ കള്ളിക്ക് തുള്ളലാണെന്ന് കേട്ടിട്ടില്ലേ.*

# ഐ.പി.സി ഫാമിലി കോൺഫറൻസ് ലോക്കൽ കമ്മറ്റി

**രാജു തരകൻ, മീഡിയ കോഡിനേറ്റർ**



**ഡാളസ്:** ഒക്കലഹോമ പട്ടണത്തിൽ നോർമൻ, എംബസി സ്യൂട്ടിൽ 2015 ജൂലൈ 16 മുതൽ 19 വരെ നടക്കുന്ന 13–ാം മത് ഐ.പി.സി ഫാമിലി കോൺഫറൻസിന്റെ ലോക്കൽ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ ജേക്കബ് വർഗീസ്, സണ്ണി കൊടുംന്തറ (ലോക്കൽ കോർഡിനേറ്റേഴ്സ്), ജോസ് ശാമുവേൽ (സെക്രട്ടറി), ബെന്നി പാപ്പച്ചൻ (ട്രഷറാർ), പാസ്റ്റർ എം.ജെ. എബ്രഹാം (പ്രയർ കോർഡിനേറ്റർ), പാസ്റ്റർ പി.സി. ജേക്കബ് (പാസ്റ്റേഴ്സ് കോർഡിനേറ്റർ), സിസ്റ്റർ ജോയിസി പ്രണാവ് (ലേഡീസ് കോർഡിനേറ്റർ), സാക്ക് ചെറിയാൻ (റിസപ്ഷൻ), പാസ്റ്റർ എം.എ. മാത്യു (തിരുവത്താഴം), ജോൺസൺ മുതലാളി (സെക്യൂരിറ്റി), സാം. കെ.വർഗീസ്(അഷർ), കെന്നി ജോർജ് (ഗതാഗതം), ഏബ്രഹാം. സി. ഏബ്രഹാം(ഭക്ഷണം), കുര്യൻ സ്കറിയ (അക്കോമഡേഷൻ), പി.വൈ.ഫിലിപ്പ് (മീഡിയ), ഫിന്നി കോശി (ലൈറ്റ് & സൗണ്ട്), ജോർജ് മത്തായി (ഇവന്റ് മാനേജർ), റജി ഉതുപ്പ് (റജിസ്ട്രേഷൻ), ഡോ. മിനു ജോർജ് (മെഡിക്കൽ), ആഷ്‌ലി തോമസ് (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ ഷാരോൺ ജോർജ്, സിസ്റ്റർ റനീജ ജോർജ് (കുട്ടികളുടെ പ്രോഗ്രാം), ബഞ്ചമിൻ ജോർജ് (വീഡിയോ), പാസ്റ്റർ അലക്സ് വെട്ടിക്കൽ (നാഷണൽ കൺവീനർ), കെ.വി. എബ്രഹാം (നാഷണൽ പ്രതിനിധി) തുടങ്ങിയവരാണ് ലോക്കൽ ഭാരവാഹികളായി പ്രവർത്തിക്കുന്നത്.

# 33–ാമത് നോർത്തമേരിക്കൻ പെന്തെക്കോസ്ത് കോൺഫറൻസ്

ർത്തമേരിക്കയിലെയും കാനഡയിലെയും മലയാളി പെന്തെക്കോസ്തുകാരുടെ സംയുക്ത കൂട്ടായ്മയായ നോർത്തമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ (പി. സി. എൻ. എ. കെ.) 33–ാമത് സമ്മേളനം സൗത്ത് കരോലിനായിൽ ഗ്രീൻവിൽ സിറ്റിയിൽ 2015 ജൂലൈ 2 മുതൽ 5 വരെ നടക്കും. പ്രസിദ്ധമായ ഹോട്ടൽ ഹയാട്ട് റിജിയൻസിലാണ് ഇക്കുറി സമ്മേളനം നടക്കുന്നത്. പാസ്റ്റർ ബിനു ജോൺ (നാഷണൽ കൺവീനർ), ബ്രദർ ടോം വർഗ്ഗീസ് (നാഷണൽ സെക്രട്ടറി), ബ്രദർ റെജി ഏബ്രഹാം (നാഷണൽ ട്രഷറർ), ബ്രദർ ബിജോ തോമസ് (നാഷണൽ യൂത്ത് കോർഡിനേറ്റർ), ബ്രദർ നെബു സ്റ്റീഫൻ (ജനറൽ കോർഡിനേറ്റർ), സിസ്റ്റർ ഗ്രേസ് ജോൺ, സിസ്റ്റർ ഷേർളി ചാക്കോ, സിസ്റ്റർ ജോളി ജോസഫ് (ലേഡീസ് കോർഡിനേറ്റേഴ്സ്) എന്നിവരുടെ നേതൃത്വത്തിലാണ് 33–ാമത് സമ്മേളനം നടക്കുന്നത്.

അമേരിക്കയിലെ ഏതു പട്ടണത്തിൽ നിന്നും ഒരു പകൽ യാത്ര കൊണ്ട് എത്തിച്ചേരാവുന്ന സ്ഥലമാണ് സൗത്ത് കരോനിലായിലെ ഗ്രീൻവിൽ സിറ്റി. ബില്ലിഗ്രഹാമിന്റെ നാട്ടിൽ നടക്കുന്ന സമ്മേളനം എന്ന പ്രത്യേകത കൂടി ഈ സമ്മേളനത്തിനുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തെ അടുത്തറിയാൻ ഉതകുന്ന നിലയിൽ തന്റെ ലൈബ്രറി, ഫാം ഹൗസ് തുടങ്ങിയവ സന്ദർശിക്കുവാൻ സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് അവസരം ഉണ്ട്. സമ്മേളന വിജയത്തിനായി രാജ്യവ്യാപകമായി പ്രമോഷണൽ മീറ്റിംഗുകൾ, പ്രാർത്ഥനാ സമ്മേളനങ്ങൾ തുടങ്ങിയവ നടന്നുകൊണ്ടിരിക്കുന്നു. നാഷണൽ വി. ബി. എസ്., മീഡിയാ കോൺഫറൻസ് എന്നിവ പി. സി. എൻ. എ. കെ. സമ്മേളനത്തിൽ ഇദംപ്രഥമമായി നടത്തപ്പെടുന്ന പ്രോഗ്രാമുകളാണ്. വ്യത്യസ്തമായ പ്രോഗ്രാമുകൾ, മികച്ച താമസ–ഭക്ഷണ ക്രമീകരണങ്ങൾ, സൗകര്യപ്രദമായ യാത്രാക്രമീകരണങ്ങൾ എന്നിവ ഈ സമ്മേളനത്തോടനുബന്ധിച്ച് കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞു.

സമ്മേളന വിജയത്തിനായി വിവിധ കമ്മറ്റികൾ സജീവമായി പ്രവർത്തിച്ചുവരുന്നു. നോർത്തമേരിക്കയിലും കാനഡയിലുമായി ചിതറിപാർക്കുന്ന മലയാളി പെന്തെക്കോസ്തുകാരായ ദൈവജനത്തിന്റെ കൂട്ടായ്മയാണ് പി. സി. എൻ. എ. കെ.. ദൈവമക്കളുടെ കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും പ്രതീകം കൂടിയായ പി. സി. എൻ. എ. കെ. കേരളത്തിന് വെളിയിൽ നടക്കുന്ന ഏറ്റവും വലിയ മലയാളി സംഗമം കൂടിയാണ്.


ഡ്യൂലോസ് ബിബ്ലിക്കൽ സെമിനാരി

അനുഗ്രഹീതമായ 15 – ാം വർഷം

വെച്ചൂച്ചിറ

ഐ.പി.സി. ജനറൽ കൗൺസിൽ അംഗീകൃതം

സഭാ ശുശ്രൂഷയ്ക്കും പ്രേഷിത പ്രവർത്തനത്തിനും മികച്ച പരിശീലനം

B.Th. തിയോളജിക്കൽ ബിരുദവും യൂണിവേഴ്സിറ്റി അംഗീകാരമുള്ള B.A. ബിരുദവും

ഒരുമിച്ച് കരസ്ഥമാക്കാവുന്ന പാഠ്യപദ്ധതി (English)

അഡ്മിഷൻ ആരംഭിച്ചു

ക്ലാസ്സുകൾ ഏപ്രിൽ ആദ്യവാരം ആരംഭിക്കുന്നു

| കോഴ്സുകൾ | മാധ്യമം | കാലാവധി | യോഗ്യത |
|---|---|---|---|
| B.Th | ഇംഗ്ലീഷ് | 3 വർഷം | S.S.L.C. Passed |
| G.Th | മലയാളം | 2 വർഷം | S.S.L.C |
| C.Th | മലയാളം | 1 വർഷം | |

പ്രത്യേകതകൾ

✸ 3 വർഷം കൊണ്ട് B.Th. ഉം B.A. ഉം കരസ്ഥമാക്കാം ✸ ഹിന്ദി, ഗ്രീക്ക്, ഹീബ്രു ഭാഷകളിൽ വിജ്ഞാനം നൽകുന്നു ✸ പ്രത്യേകം ക്ഷണിക്കുന്ന അദ്ധ്യാപകരുടെ സെമിനാറുകൾ ✸ അനുഭവസമ്പന്നരും പ്രഗത്ഭരുമായ അദ്ധ്യാപകർ ✸ വിശാലമായ കാമ്പസ്സ് ✸ താമസം, ഭക്ഷണം എന്നിവ സൗജന്യം ✸ തികഞ്ഞ പ്രാർത്ഥനാന്തരീക്ഷം ✸ മികച്ച ലൈബ്രറി സൗകര്യം ✸ പഠനത്തോടൊപ്പം പ്രായോഗിക പരിശീലനം ✸ ഹിന്ദി ഇംഗ്ലീഷ് ഭാഷകളിൽ പരിശീലനം



Pr. V.P. Jose
Director

അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക

Principal
D.B.S., P.B. No: 2, Vechoochira, PTA - 686 511
Phone: 9544558069, 9846742196

ലേഖനം

# കുരിശുമരണം



സജി മത്തായി

ദാത്തമായ സ്നേഹത്തിന്റെ ഉർവ്വരതയിലേക്ക് യേശു ഇറങ്ങിയപ്പോൾ തന്റെ പ്രാണൻ പാനീയയാഗമായി ഒഴിച്ചു. അതികഠിന കുരിശേറ്റത്തിൽ കൂടിയുള്ള മരണത്തെ ഭഷഗ്വരനായ ലൂക്കോസ് തന്റെ സുവിശേഷത്തിൽ വിശദമായ പ്രതിപാദിക്കുന്നു. പൗലോസിന്റെ മിഷനറി യാത്രകളിൽ പങ്കാളിയായും, അപ്പോസ്തലപ്രവർത്തിയുടെ രചയിതാവായുമൊക്കെ ലൂക്കോസ് തിരുവചനത്തിൽ കളം നിറഞ്ഞുനില്ക്കുന്ന വ്യക്തിയത്രേ യേശുവിന്റെ അറസ്റ്റും, വിസ്താരവും, മരണവും, കബറടക്കവും, ഒഴിഞ്ഞകല്ലറയും ഒടുവിലുത്ഥാനവും ഭംഗ്യന്തരേണ വിവരിച്ചനന്തരം ക്രൂശീകരണമരണം വെളിപ്പെടുത്തി പ്രസ്താവിക്കുന്നു. ലൂക്കോസ് 23:46 "ഇതു പറഞ്ഞിട്ടു പ്രാണനേ വിട്ടു".

യേശുവിന്റെ മരണ സർട്ടിഫിക്കറ്റ് ഒരു ഡോക്ടർ കൊടുക്കുന്നതുപോലെ. ക്രിസ്തു യഥാർത്ഥ മനുഷ്യനല്ലായിരുന്നു എന്നും, മായ എന്നു പറഞ്ഞവർക്കും, യേശുവിൽ മനുഷ്യത്വസ്വഭാവമില്ലാ എന്നു പഠിപ്പിച്ചവർക്കും, ഈ വിവരണം മതിയായതായിരുന്നു. മണിക്കൂറുകളോളം മാറി മാറി അഞ്ച് വിസ്താര സഭകളിൽ വിസ്തരിക്കപ്പെട്ട യേശു അതികഠിനമായ ശാരീരിക പീഢനങ്ങൾ ഏറ്റശേഷം മാനുഷീകമായ് ഏറെ തളർന്നിരുന്നു. ആറാം മണിനേരത്ത് കുരിശിൽ തറയ്ക്കപ്പെട്ട യേശു ഒമ്പതാം മണിനേരത്ത് മരിച്ചു. കുരിശിൽത്തറയ്ക്കപ്പെടുന്നവരിൽ പലരും ആ രാത്രിയോ, അതുമല്ലെങ്കിൽ പിറ്റേനാളോ ആണ് മരിക്കാറുള്ളത് യേശുവിന്റെ ഇരുവശത്തും കിടന്ന കള്ളന്മാർ യേശു മരിച്ചപ്പോഴും ജീവനോടെ കിടന്നിരുന്നു. കണങ്കാലുകൾ ഒടിയ്ക്കുവാൻ യേശുവിന്റെ അടുക്കൽ പടയാളികൾ വന്നപ്പോൾ യേശു മരിച്ചതായ് കണ്ടു (John.19:33).

യേശുവിന്റെ കുരിശിലെ പീഢ മൂന്നുമണിക്കൂറുകൾ കൊണ്ടവസാനിച്ചത്, അതിനുമുമ്പ് താൻ അനുഭവിച്ച കഠിന ക്ലേശങ്ങളുടെ പരിണിത ഫലമായിരുന്നു. കുരിശിൽ തറയ്ക്കപ്പെട്ടവർക്കൊന്നും അത്തരം സാഹചര്യങ്ങളിൽ കൂടിപ്പോകേണ്ടി വന്നിരുന്നില്ലാ, വധിയ്ക്കപ്പെട്ട തലേദിവസം യേശു രക്തം വിയർത്തു എന്നും വിയർപ്പുതുണികൾ പോലെ രക്തം വീണു എന്നും നാം വായിക്കുന്നു. വിയർപ്പു ഗ്രന്ഥികളിൽ നിന്നും പുറത്തു വരേണ്ട വിയർപ്പിൽ രക്തം കലരുന്നത് വൈദ്യ നിഗമനത്തിൽ പുതുമയുള്ള കാര്യമല്ലാ. ത്വക്കിനടിയിലുള്ള രക്തധമനികൾ പെട്ടെന്ന് ക്രമാതീതമായ് വികസിച്ചുത്തകരുന്നതിനാൽ ചർമ്മത്തിനടയിലേക്കൊഴുകുന്ന രക്തം ആയിരക്കണക്കിനു വിയർപ്പു ഗ്രന്ഥികളുമായ് ബന്ധപ്പെട്ടു വിയർപ്പിലൂടെ പുറത്തു വരുന്നു. രക്തവും വിയർപ്പും ചേർന്ന ഈ ലായനി ചർമ്മ സുക്ഷിരങ്ങളിൽകൂടി പുറത്തുവരുമ്പോൾ രക്തം കട്ടയാകുന്നു. ലൂക്കോസിന്റെ "രക്തക്കട്ടപ്രയോഗം" ഒരു ഡോക്ടറുടെ നിഗമനം തന്നേ. ഇപ്രകാരം രക്തം നഷ്ടപ്പെട്ട ഒരാളുടെ ചർമ്മം മൃദുലമാകും. അതിന്മേലായിരുന്നു കൊടിയ പീഢനമായ, ചാട്ടവാറടിയും, മറ്റു വർദ്ധന മുറകളും ഏല്ക്കേണ്ടി വന്നത്.

യൂദാസിന്റെ ഒറ്റിക്കൊടുക്കൽ, അന്ത്യ അത്താഴത്തിലെ ഹൃദയസ്പർശിയായ അനുഭവങ്ങൾ, ഗത്സമനയിലെ തീവ്ര ദുഃഖ വേദനകൾ, കയ്യാഫാവ്, ഹെരോദാവ് എന്നിവരുടെ ചോദ്യവും, ഭേദ്യങ്ങളും, നിന്ദ്യമായ പെരുമാറ്റങ്ങളും ചമ്മട്ടിയടിയും ഒക്കെ മേൽപറഞ്ഞ പ്രക്രിയക്കു കാരണമായ്. അന്ത്യ അത്താഴത്തിനു ശേഷം യേശു ഒന്നും ഭക്ഷിയ്ക്കയോ, പാനം ചെയ്കയോ ചെയ്തിരുന്നില്ലാ. രാത്രി മുഴുവൻ നീണ്ടുന്ന വർദ്ധനവും നഷ്ടപ്പെട്ട വിയർപ്പും ദാഹവും, വിശപ്പും മൂലം അവശനായ ക്രിസ്തു ഭാരമേറിയ പച്ച തടി കുരിശും പേറി 3 കിലോമീറ്റർ ദൂരത്തിൽ കല്പാതയിലൂടെ മന്ദമായ് നടന്നു.

ഏറ്റവും പ്രയാസമേറിയതായിരുന്നു, ക്രൂശാരോഹണത്തിനു ശേഷമുള്ള ശ്വാസം മുട്ടൽ. കുരിശിൽ തൂങ്ങി കിടക്കുമ്പോൾ, നെഞ്ചിൽ വശങ്ങളിലുള്ള പേശികൾ ചലിപ്പിയ്ക്കുവാൻ കഴിയുകയില്ലാ. ഇതു മൂലം ശ്വാസകോശത്തിൻ നിന്നു വായുപുറത്തു കളയാനാകാതെ വരുന്നു. ഇത് ഹൃദയത്തിനു ക്ഷീണം ഉണ്ടാകും. ഹൃദയത്തിന്റെ പ്രവർത്തനം മന്ദീഭവിയ്ക്കുമ്പോൾ, രക്തചംക്രമണം മന്ദഗതിയിലാകും. തന്മൂലം പ്രാണവായു ലഭ്യമല്ലാതെ വരും. കോശങ്ങളിൽ നിന്നും പുറംന്തള്ളപ്പെടുന്ന കാർബൺഡൈ ഓക്സൈഡിന്റെ അളവു കൂടി കാർബോണിക് ആസിഡായതു മാറുന്നു. ഇത് മാംസപേശികളിൽ ശക്തമായ വിറയൽ ഉണ്ടാക്കുന്നു. യേശുക്രിസ്തുവിന്റെ പാദം ഒന്നിനുമീതെ മറ്റൊന്ന് വച്ച് ചേർത്തടിച്ചിരുന്നതിനാൽ, മുമ്പോട്ടാണു നിന്ന ശരീരം ക്രൂശിൽക്കിടന്നു പിടഞ്ഞു. വൈദ്യനായ ലൂക്കോസ് പറയുംമ്പോലെ "ഇതു പറഞ്ഞിട്ട് യേശു പ്രാണനെ വിട്ടു. സ്നേഹിതാ ചിന്തിക്കൂ! യേശു പിടഞ്ഞു മരിച്ചത് ആർക്കുവേണ്ടിയായിരുന്നു?

## സഹായിക്കുക...

**ആലപ്പുഴ:** മുഹമ്മ എന്ന ലോക്കൽ സഭാംഗമായ ശരണ്യ ഗിരീഷൻ (19 വയസ്സ്) എന്ന പെൺകുട്ടി ശരീരത്തിലെ രക്താണുക്കളുടെ കൗണ്ട് കുറയുന്ന അസുഖത്താൽ നാലാഴ്ചയായി കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇപ്പോൾ ഇവിടെ നിന്നും വെല്ലൂർ ക്രിസ്ത്യൻ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകാൻ നിർദ്ദേശിച്ചിരിക്കുന്നു. കേരളത്തിലുള്ള ആശുപത്രിയിൽ ഇതിനുള്ള ചികിത്സ ഇല്ലാ എന്നാണ് മെഡിക്കൽ കോളജിലെ ഡോക്ടർമാർ പറഞ്ഞിരിക്കുന്നത്. ഈ കുട്ടിയുടെ പിതാവ് പാസ്റ്റർ ഗിരീശൻ കർത്തൃവേലയിലിരിക്കേ ഹൃദയസ്തംഭനത്താൽ നിത്യതയിൽ ചേർക്കപ്പെടുകയും ചെയ്തു. നിർധനരായ ഈ കുടുംബം വിധവയായ മാതാവും ഇളയ സഹോദരികളുമായി വാടകയ്ക്കാണ് താമസിക്കുന്നത്.

ദൈവമക്കളുടെ പ്രാർത്ഥനയും സാമ്പത്തികസഹായവും ഈ കുടുംബത്തിനായി ആവശ്യപ്പെടുന്നു.

**Account NO: 67255065914 S.B.T,**
**Branch: മുഹമ്മ, IFC SBTR-0000299**
**സഭാ ശുശ്രൂഷകൻ: പാസ്റ്റർ ബെഞ്ചമിൻ**
**ഫോൺ- 9048009489**

## സഹായിക്കുക...

മണർകാട് കടിയംകുന്നേൽ ഷൈനി സന്തോഷ് ഒരു വർഷമായി ക്യാൻസർ രോഗത്താൽ ഭാരപ്പെടുന്നു. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബാംഗമായ ഈ സഹോദരി ചികിത്സയ്ക്കായുള്ള ഭാരിച്ച ചെലവുകൾ താങ്ങുവാൻ കഴിയാത്ത നിലയിലാണ്. ഭർത്താവ് കൂലിപ്പണി ചെയ്താണ് ദൈനംദിന ചെലവുകൾ നടത്തുന്നത്. രണ്ട് കുഞ്ഞുങ്ങളാണ് ഇവർക്കുള്ളത്. ഇത്തരുണത്തിൽ നല്ലവരായ വായനക്കാരുടെ സഹായം സഹകരണം ഈ സഹോദരിക്കായി അഭ്യർത്ഥിക്കുന്നു.

**ഷൈനി സന്തോഷ്**
**കടിയംകുന്നേൽ വീട്, മണർകാട് പി. ഒ., കോട്ടയം**

**Account NO: 20175134355 S.B.I,**
**Branch:**
**ഫോൺ: 9544610793**

12

## മാത്യകാ പുരുഷനായിരുന്ന....

ക്കളാക്കിതീർത്തു. രോഗികൾ സൌഖ്യമാകുന്നു. അനേകം ഭൂതബാധിതർ സ്വതന്ത്രമാകുന്നു! ആകയാൽ സഭകളുടെ എണ്ണവും ഏറിവന്നു.

കൗൺസിലിന്റെ തീരുമാനപ്രകാരം അപ്പച്ചനെ കോട്ടയം ഡിസ്ട്രിക്റ്റ് പാസ്റ്ററായി പള്ളത്തേക്കു സ്ഥലം മാറ്റി നല്കി. എന്റെ ഒന്നാം ക്ലാസിലെ പഠനം ഏലപാറയിൽ പൂർത്തികരിച്ച് അടുത്ത ആറുവർഷങ്ങൾ പള്ളത്തു താമസിച്ച് കൊണ്ട് കർത്തൃവേലയിൽ വ്യപൃതയായിരിക്കുവാൻ എന്റെ മാതാപിതാക്കൾക്കു കഴിഞ്ഞതു കൊണ്ട് 100 കണക്കിന് വ്യക്തികളെ ദൈവരാജ്യത്തിന്റെ മുതൽ കൂട്ടാക്കുവാൻ അവരെ ദൈവം ഉപയോഗിച്ചു. ആ പ്രദേശങ്ങളിലുള്ള അനേകം സഭകൾക്കും ആരംഭം കുറിക്കുവാൻ എന്റെ പിതാവിനെ കഴിഞ്ഞുയെന്നുള്ളതു ഞങ്ങളുടെ അഭിമാനം തന്നെയാണ്. ആത്മനിറവിലുള്ള ശുശ്രൂഷകൾ ശക്തമായപ്പോൾ എതിരുകളും വളരെയായി.

ഒരു രാത്രിയിൽ ശക്തമായ ഉണർവ്വ് യോഗങ്ങൾ നടക്കുകയാണ്. ആ സമയത്തു ഹോളിനു വെളിയിൽ വലിയ ബഹളം കേൾക്കുവാൻ ഇടയായി സഹോദരന്മാരിൽ ഒരാൾ കാര്യം അന്വേഷിക്കുവാൻ ഇറങ്ങി ചെന്നപ്പോൾ ഒരു കൂട്ടം സുവിശേഷ വിരോധികളെയാണ് കണ്ടത്. അവർ ഒരുപോലെ പറയുന്നതു കേൾക്കാം "ഈ ഉപദേശി വന്നതിനു ശേഷം ഞങ്ങൾക്കാർക്കും ഉറങ്ങുവാൻ സാധിക്കുന്നില്ല. ഉപദേശി ഇപ്പോൾ ഞങ്ങൾ ശരിയാക്കും എന്നും പറഞ്ഞു കൊണ്ടു കല്ലുകളും കൈയിലേന്തി കലിനിറഞ്ഞു തുള്ളുന്നവരായിട്ടാണ്. ഭയം കൊണ്ടു നിറഞ്ഞ ജനത്തെ അപ്പച്ചൻ ധൈര്യപ്പെടുത്തി. എല്ലാവരും പ്രാപിക്കുവാൻ ആവശ്യപ്പെട്ടു ഏവരും ഒരുമനപ്പെട്ടു പ്രാർത്ഥന ആരംഭിച്ചു. റോഡിൽ നിന്നു കൊണ്ട് അവർ കൂറെക്കൂടെ ബഹളം ഉണ്ടാക്കിയെങ്കിലും ആരാധന സ്ഥലത്തിന്റെ അരികെ വരുവാൻ അവരെ ആരേയും ദൈവം അനുവദിച്ചില്ല. വലിച്ചെരിഞ്ഞ കല്ലുകൾ ഓലകൾ കൊണ്ട് നിർമ്മിച്ച ആരാധന സ്ഥലത്തിനു കാര്യമായ കേടുപാടുകൾ ഉണ്ടാക്കുവാനും കഴിഞ്ഞില്ല.

തയ്യൽ പണി ചെയ്യുന്ന ഒരു മനുഷ്യനായിരുന്നു ഈ ബഹളങ്ങൾക്കു നേതൃത്വം നല്കിയത് അടുത്ത ദിവസം പ്ലാവിൽ കയറി ചക്ക പറിക്കുന്ന സമയത്ത് പ്ലാവിൽ നിന്നു നിലം പതിച്ചു. കൈകൾക്കും പ്രത്യേകിച്ചു വിരലുകൾക്കും കാര്യമായ കേടുപാടുകൾ സംഭവിച്ചത്. ഇതറിഞ്ഞു അപ്പച്ചൻ തന്നെ സന്ദർശിച്ചു. തന്റെ കൈകൾ തിരുമി ആവശ്യമായ ശുശ്രൂഷ ചെയ്തു ഒടിഞ്ഞു മടങ്ങിയ വിരലുകൾ നിവർത്തുമ്പോൾ അതിവേദനകൊണ്ടു നിലവിളിക്കുന്ന തന്നോടുള്ള അപ്പച്ചന്റെ ചോദ്യം "ഇനി എപ്പോഴെങ്കിലും ഞങ്ങളുടെ ഹാളിനു കല്ല് എറിയണമെന്ന ആഗ്രഹമുണ്ടോ എന്നതായിരുന്നു? വേദന കൊണ്ടു പുളയുന്ന തന്റെ മറുപടിയും മുഖഭാവവും ഇന്നും എന്റെ മുമ്പിലുണ്ട്." അയ്യോ ഇനി ഒരിക്കലും ഞാൻ യോഗസ്ഥലത്തു വന്നു ഒരു ബഹളവും ഉണ്ടാക്കുകയില്ലെന്നു ഏറ്റുപറച്ചിൽ കണ്ടുനിന്ന കുട്ടികൾക്കു രസാവാഹവും ചിന്തകന്മാർക്കും അഗാധവും ആയിരുന്നു. ഈ സംഭവത്തോടെ രാഷ്ട്രീയ പ്രേരിതമായ ബഹളങ്ങൾക്കു ശമനം വന്നു. എങ്കിലും സാമുദായിക പ്രേരിതമായി ആളുകൾ എതിരാളികളായി മാറി.

(തുടരും...)

# ഹോപ്പ് പ്രൊജക്ട് ആരംഭിച്ചു

**തിരുവല്ല:** എക്സൽ മിനിസ്ട്രീസ്, ചിൽഡ്രൻസ് നെറ്റ്‌വർക്ക് ഇന്റർനാഷണലുമായി (CNI) ചേർന്ന് ആരംഭിച്ച പുതിയ സംരംഭമായ ഹോപ്പ് പ്രൊജക്ടിന്റെ ഉദ്ഘാടനം കോഴഞ്ചേരി എക്സൽ ഓഫീസിൽ നടന്നു. പാസ്റ്റർ ബിനു ജോസഫ് വടശേരിക്കര അദ്ധ്യക്ഷത വഹിച്ചു. മീറ്റിംഗിനു റവ. തമ്പി മാത്യു മുഖ്യസന്ദേശം നൽകി ഉദ്ഘാടനം നിർവഹിച്ചു.. സമൂഹത്തിൽ പഠനത്തിൽ ബുദ്ധിമുട്ടുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

TRUE LIGHT CHRISTIAN ASSEMBLY
HOUSTON
SEEKING YOUTH PASTOR
True Light Christian Assembly
5431 W Ridgecreek Dr. Houston TX 77053
www.TrueLightChristianAssembly.com

True Light Christian Assembly, a full-gospel Pentecostal Church located in South-West Houston is seeking eligible candidates for the Youth Pastor position.

Qualifications

| | | |
|---|---|---|
| Age | : | 40 under |
| Education | : | Bachelors degree or above in Theology or Divinity |
| Experience | : | Previous Youth Pastor/Youth Ministry experience required. |
| Nationality | : | Only USA/Canada residents |
| Marital Status | : | Should be married. |

Apply with 2 references to
tlcayouthpastor@gmail.com

## നിത്യതയിൽ

**പാസ്റ്റർ പി. ജെ. ജോൺ**

**തൃശ്ശൂർ:** ഫുൾ ഗോസ്പൽ പെന്തെക്കോസ്ത് ചർച്ച് രക്ഷാധികാരിയും മുൻ പ്രസിഡന്റും പറവട്ടാനി സഭാശുശ്രൂഷകനുമായിരുന്ന പാസ്റ്റർ പി. ജെ. ജോൺ (62) ജനുവരി 10ന് നിത്യതയിൽ ചേർക്കപ്പെട്ടു. (കണ്ണൂരിലെ ആദ്യകാല ശുശ്രൂഷകനായിരുന്ന പാസ്റ്റർ പി. ജെ. ജോണിന്റെ മകനും പുളിയാമ്പള്ളി കുടുംബാംഗവുമാണ്). സംസ്കാര ശുശ്രൂഷ 12ന് മരോട്ടിച്ചാൽ സഭാ സെമിത്തേരിയിൽ പാസ്റ്റർ വി. വി. വർഗീസ് നിർവ്വഹിച്ചു. പാസ്റ്റർ വി. ഡി. ജോൺസൺ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. തേറമ്പിൽ രാമകൃഷ്ണൻ എം. എൽ. എ., എം. പി. വിൻസന്റ് എം. എൽ. എ. തുടങ്ങിയ നിരവധി പ്രമുഖരടക്കം ജനപ്രതിനിധികളും അനേക പാസ്റ്റർമാരും നൂറു കണക്കിനു വിശ്വാസികളും പങ്കെടുത്തു. ബിലീവേഴ്സ് ജേണലിനുവേണ്ടി പാസ്റ്റർ കെ. ജെ. മാത്യു അനുശോചനം അറിയിച്ചു. ഭാര്യ: അന്നക്കുട്ടി ചാലാംപാടം വാഴപ്പള്ളി കുടുംബാംഗമാണ്. മക്കൾ: ഷോമ (ദോഹ), ഷാന്റി (ചെറിയനാട്), സ്റ്റാൻലി (ഡൽഹി). മരുമക്കൾ: അനിൽ എബ്രഹാം, പാസ്റ്റർ ബ്ലസൻ മാത്യു, നിഷ.

**ക്രിസ്റ്റീന ശാമുവേൽ(67)**

**തിരുവനന്തപുരം:** ഐ.പി.സി ചെറിയ കൊണ്ണി സഭാംഗവും ചെറിയ കൊണ്ണി ബഥേൽ ഹൗസിൽ ശാമുവേലിന്റെ ഭാര്യയുമായ ക്രിസ്റ്റീന ശാമുവേൽ(67) 2015 ജനുവരി 28-ാം തീയതി ബുധനാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു മക്കൾ പാ.സ്റ്റാൻലി, ഗെലി, പ്രഭ,വിൻസെന്റ് മരുമക്കൾ സുനിതാ സ്റ്റാൻലി, മധു, ഷിബു, സുനിതാ വിൻസെന്റ്

## സൺഡേസ്കൂൾ ഭാരവാഹികൾ


പാസ്റ്റർ എബ്രഹാം മന്ദമരുതി


പാസ്റ്റർ ജേക്കബ് ജോർജ്


റ്റി. തങ്കച്ചൻ


റ്റി.ഒ പൊടിക്കുഞ്ഞ്


ബ്രദർ കെ. തങ്കച്ചൻ

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ ജനറൽ ഡയറക്ടറായി പാസ്റ്റർ എബ്രഹാം മന്ദമരുതിയും ജനറൽ സെക്രട്ടറിയായി ബ്രദർ റ്റി. തങ്കച്ചനും ജനറൽ ട്രഷററായി ബ്രദർ റ്റി. ഒ പൊടിക്കുഞ്ഞും തെരഞ്ഞെടുക്കപ്പെട്ടു. ജനുവരി 26 ന് തിരുവല്ല ശാരോനിൽ കൂടിയ ജനറൽ ബോഡി മീറ്റിംഗിലാണ് അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തത്. സഭാ കൗൺസിൽ പ്രതിനിധി പാസ്റ്റർ എ.ജെ. ജോൺ തെരഞ്ഞെടുപ്പിനു നേതൃത്വം നൽകി.

പാസ്റ്റർ ജേക്കബ് ജോർജ് (അസോസിയേറ്റ് ഡയറക്ടർ), ബ്രദർ കെ.ഇ ജോർജുകുട്ടി (അസോസിയേറ്റ് സെക്രട്ടറി), ബ്രദർ കെ. തങ്കച്ചൻ (എക്സാം കൺട്രോളർ), പാസ്റ്റർമാരായ പി.എ ചാക്കോച്ചൻ (ജനറൽ കോർഡിനേറ്റർ), ബിജു ജോസഫ് (പ്രോഗ്രാം കോർഡിനേറ്റർ), പാസ്റ്റർ എൽദോ പി. ജോസഫ്, സുവി. എബി ജോൺ, പാസ്റ്റർ സ്റ്റാൻലി സെബാസ്റ്റ്യൻ (ഏരിയാ കോർഡിനേറ്റേഴ്സ്), പാസ്റ്റർമാരായ ജോയി സി. കൊച്ചാക്കൽ, ഷാജി സി., പി. മത്തായി, ബ്രദേഴ്സ് കോശി മാത്യു, എം. കുഞ്ഞച്ചൻ, പി.എസ് മത്തായി (അംഗങ്ങൾ) എന്നിവരാണ് മറ്റു ഭാരവാഹികൾ. ഇതോടൊപ്പം തന്നെ പതിമൂന്നംഗ ജനറൽ കമ്മറ്റിയെയും തെരഞ്ഞെടുത്തു.

ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ എബ്രഹാം മന്ദമരുതി തിരുവല്ല കുറ്റപ്പുഴ സഭാശുശ്രൂഷകനും കൗൺസിലറുമാണ്. ജനറൽ സെക്രട്ടറി റ്റി. തങ്കച്ചൻ പുനലൂർ മൂന്നാമല സഭാംഗവും ബിസ്സിനസ്സുകാരനുമാണ്. ജനറൽ ട്രഷറാർ ബ്രദർ റ്റി.ഒ പൊടിക്കുഞ്ഞ് പരുമല സഭാംഗവും ശാരോൻ ഫെലോഷിപ്പിന്റെ ഓഫീസ് മാനേജരുമാണ്.

## സെന്റർ കൺവൻഷൻ

**ആലത്തൂർ:** ഐ. പി. സി. ആലത്തൂർ സിൽവർ ജൂബിലി കൺവൻഷൻ 2015 ഫെബ്രുവരി 19- 22 വരെ വൈകിട്ട് 6മുതൽ 8.30 വരെ എം. എം. യു. പി. സ്കൂൾ, വാൽക്കുളമ്പിൽ നടക്കും. പാസ്റ്റർ സാം ഡാനിയേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ജസ്റ്റിൻ മോസസ് (കന്യാകുമാരി), പാസ്റ്റർ കെ. സി. ജോൺ (തിരുവല്ല) എന്നിവർ പ്രസംഗിക്കും. ശാലേം വോയ്സ് കോഴിക്കോട് ഗാനശുശ്രൂഷ നിർവ്വഹിക്കും.

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് തിരുവല്ല സെന്റർ കൺവൻഷൻ ഫെബ്രുവരി 18 മുതൽ 22 വരെ തോട്ടഭാഗം ബെഥേൽ ശാരോൻ ഗ്രൗണ്ടിൽ വെച്ചു നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ എം.ജെ. ജോൺ ഉദ്ഘാടനം ചെയ്യുന്ന മീറ്റിംഗിൽ പാസ്റ്റർമാരായ പി.എം. ജോൺ, സണ്ണി കുര്യൻ, കെ.ജെ. മാത്യു, ബി. വർഗീസ്, അജി ആന്റണി എന്നിവർ പ്രസംഗിക്കും. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സി.ഇ.എം. സൺഡേസ്കൂൾ സമ്മേളനം, വനിതാ സമ്മേളനം, സംയുക്ത സഭായോഗം എന്നിവയും നടക്കും.

**പന്തളം:** ഐ.പി.സി പന്തളം സെന്റർ കൺവൻഷൻ 2015 ഫെബ്രുവരി 18 മുതൽ 22 വരെ കുളനട ശാലോം ഹാളിൽ വൈകിട്ട് 6 മുതൽ 9 മണി വരെ നടക്കുന്നതായിരിക്കും. സെന്റർ പാസ്റ്റർ ജോൺ ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നതായ കൺവൻഷനിൽ പാസ്റ്റർമാരായ കെ.സി.തോമസ്, ഫിലിപ്പ്.പി.തോമസ്, വർഗീസ് എബ്രഹാം, സണ്ണി കുര്യൻ, ജോസഫ് ഡാനിയേൽ, ഡോ. സജി ഫിലിപ്പ് എന്നിവർ പ്രസംഗിക്കും. ഹെവൻലി ബീറ്റ്സ് കൊട്ടാരക്കര ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതുമാണ്.

## ഭാരവാഹികൾ


പാ. ജോൺസൺ മാത്യു


പാ. ഡി. ജോയി


ബ്രദർ അനിൽകുമാർ

ഐ. പി. സി. ഇൻഡോർ 2015 ജനുവരി 18ന് കൂടിയ സംയുക്ത ആരാധനയിൽ പാസ്റ്റർ ജോൺസൺ മാത്യു (പ്രസിഡന്റ്), പാസ്റ്റർ ഡി. ജോയി (സെക്രട്ടറി), ബ്രദർ അനിൽകുമാർ എൻ. എസ്. (ട്രഷറർ) മറ്റ് അംഗങ്ങളെയും തെരഞ്ഞെടുത്തു. പാസ്റ്റർ കെ. ജെ. പൗലോസ് (ഐ. പി. സി. മധ്യപ്രദേശ് സ്റ്റേറ്റ് വൈസ് പ്രസിഡന്റ്)ന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ വർഗീസ് മാത്യു (ഐ. പി. സി. മധ്യപ്രദേശ് സ്റ്റേറ്റ് സെക്രട്ടറി) ദൈവവചനം ശുശ്രൂഷിച്ചു.

## സെന്റർ കൺവെൻഷൻ




**കുന്നംകുളം:** ഐ. പി. സി. കുന്നംകുളം സെന്റർ കൺവെൻഷൻ ഡിസംബർ 25 മുതൽ 28 വരെ നടത്തപ്പെട്ടു. പാസ്റ്റർ കെ.ശമുവേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതു സമ്മേളനത്തിൽ വെച്ച് സെന്റർ മിനിസ്റ്റർ പാസ്റ്റർ ടി.ജെ.ഫിലിപ്പ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സെന്റർ സെക്രട്ടറി പാസ്റ്റർ കെ.പി.എൽദോ, വൈസ് പ്രസിഡന്റ് പാസ്റ്റർ കെ.എ. വർഗീസ് എന്നിവർ സംസാരിച്ചു. ബ്രദർ പി.കെ ദേവസ്സി സ്വാഗതം ആശംസിച്ചു. ഞായറാഴ്ച നടന്ന സംയുക്ത സഭായോഗത്തിൽ സെന്റർ സെക്രട്ടറി പാസ്റ്റർ കെ.പി.എൽദോ അദ്ധ്യക്ഷത വഹിച്ചു. സെന്റർ മിനിസ്റ്റർ പാസ്റ്റർ ടി.ജെ ഫിലിപ്പ് കർത്തൃമേശയ്ക്ക് നേതൃത്വം നല്കി. പാസ്റ്റർ കെ.ജെ.തോമസ് മുഖ്യസന്ദേശം നൽകി ബ്രദർ ഷാജു സി.ഐ. കൃതജ്ഞത അറിയിച്ചു.

## സുവിശേഷ യോഗം

**മാവേലിക്കര:** 26-ാമത് കോട്ടമല ഐക്യ സുവിശേഷ മഹായോഗം 2015 ഫെബ്രുവരി 19-22 വരെ നടക്കും. പാസ്റ്റർ റ്റി. എം. മാത്യു (ചെയർമാൻ) ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ഡാനിയേൽ മാത്യു (പാമല), പാസ്റ്റർ അജി ആന്റണി (റാന്നി), പാസ്റ്റർ ജയിംസ് എം. പോൾ (തിരുവനന്തപുരം), പാസ്റ്റർ രാജു മേത്ര (റാന്നി), പാസ്റ്റർ ബൈജു (കട്ടപ്പന) എന്നിവർ പ്രസംഗിക്കും.


## • വൈവാഹികം •

പെന്തെക്കോസ്ത് യുവാവ്, പാസ്റ്റർ, 30 വയസ്, 5'7" ഉയരം, B.Th, B.Sc.സുവിശേഷവേലയ്ക്ക് സമർപ്പണമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ഫോൺ: 9447428698, 9947742108**


## ഉപവാസപ്രാർത്ഥനയും ഉണർവ്വുയോഗവും

**കറ്റോട്:** ഐ. പി. സി. എബനേസർ വർഷിപ്പ് സെന്റർ (സിമിന്റ് ഗോഡൗണിന് സമീപം) ഫെബ്രുവരി 16-മാർച്ച് 8 വരെ 21 ദിവസ ഉപവാസപ്രാർത്ഥനയും ഉണർവ്വുയോഗവും നടക്കും. കൃപാവരപ്രാപ്തരായ ദൈവദാസന്മാർ ശുശ്രൂഷിക്കും. ഏവർക്കും സ്വാഗതം.

## കൺവൻഷൻ

**വെള്ളിക്കാല:** ഐ.പി.സി. എബനേസർ വർഷിപ്പ് സെന്റർ 19-ാമത് കൺവൻഷൻ 2015 ഫെബ്രുവരി 6,7,8 തീയതികളിൽ ചർച്ച് ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെട്ടു. പാസ്റ്റർ ജെ.സി. പാറക്കടവിൽ (തിരുവനന്തപുരം), പാസ്റ്റർ പി.റ്റി. തോമസ് (കോട്ടയം) എന്നിവർ വചനം ശുശ്രൂഷിച്ചു. ഗാനശുശ്രൂഷ സെലസ്റ്റൽ ബീറ്റ്സ് നിർവ്വഹിച്ചു.

## ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ കൗൺസിൽ അംഗങ്ങൾ

**പാക്കിൽ:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയന് 2015-17 വർഷങ്ങളിലേയ്ക്കുള്ള പുതിയ കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കപ്പെട്ടു.

കൺവൻഷൻ നഗറിൽ 26ന് നടന്ന തെരഞ്ഞെടുപ്പിൽ പാസ്റ്റർമാരായ എൻ. എ. തോമസുകുട്ടി, കെ. സി. സണ്ണിക്കുട്ടി, കെ. എം. ജോസ്, കെ. ജെ. ജോസ്, കെ. സി. വർഗീസ്, സണ്ണി വർക്കി, എം. പി. കൊച്ചുമോൻ, കെ. ജെ. ജെയിംസ്, പി. പി. ജോസഫ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്. 203 വോട്ടർമാരിൽ 168 പേർ വോട്ട് രേഖപ്പെടുത്തി. 16 വോട്ട് അസാധുവായി.

## 01 ⇦ പാനൽ ചർച്ച സജീവം...

01 ⇦

സമാഹരിക്കാനുള്ള നീക്കമാണ് ഇരുപക്ഷവും നടത്തിയത്. മാർച്ച് അവസാനത്തോടെ സ്ഥാനാർത്ഥികളുടെ വ്യക്തമായ ചിത്രം പുറത്ത് വരാനാണ് സാധ്യത. ജയസാധ്യതയുള്ള പാനലിൽ കയറികൂടാനുള്ള തത്രപ്പാടിലാണ് പലരും. നിലവിലുള്ള സാഹചര്യങ്ങളെ അട്ടിമറിച്ച് പുതിയ ആത്മീയസംസ്കാരത്തിന് ഊന്നൽ നൽകുന്ന നേതൃത്വത്തിനായിരിക്കും ശുശ്രൂഷകന്മാരും സഭാജനങ്ങളും പിന്തുണ നൽകുക. അതിന്റെ സൂചനകളാണ് കണ്ടുവരുന്നത്.


**Email**
beljourn@gmail.com

**Website:**
www.beljourn.com
www.beljourn.in


## പി. സി. ഐ. കോട്ടയം മേഖലാ പ്രവർത്തകസമ്മേളനം

**കോട്ടയം:** പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ കോട്ടയം മേഖലാ പ്രവർത്തക സമ്മേളനം ഫെബ്രുവരി 17ന് ചൊവ്വാഴ്ച രാവിലെ 10മണി മുതൽ വൈകിട്ട് 3.30വരെ കോട്ടയം ക്യാമ്പസ് ക്രൂസേഡ് റിട്രീറ്റ് സെന്ററിൽ വച്ച് നടക്കും.

പി. സി. ഐ. നാഷണൽ സെക്രട്ടറി ബ്രദർ ഗ്ലാഡ്സൻ ജേക്കബ് ഉദ്ഘാടനം നിർവ്വഹിക്കും. എഴുത്തുകാരനും പ്രഭാഷകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യ പ്രഭാഷണം നടത്തും. പി. സി. ഐ.യുടെ വിമൻസ് ഫോറം ചാപ്റ്റർ ഉദ്ഘാടനം സിസ്റ്റർ ഗിരിജ സാം നിർവ്വഹിക്കും. പാസ്റ്റർമാരായ എ. റ്റി. ജോർജ്ജ് കെ. ഒ. ജോൺസൺ എന്നിവർ നേതൃത്വം നൽകും.

ധ്യാനം

# ശൌൽ കേട്ടാൽ എന്നെ കൊല്ലും!!



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

യോഗ്യത കണക്കിടാതെ പലതിനും നമ്മെ അർഹനാക്കാനും അനവധിയായ ആദരവുകൾക്ക് നമ്മെ പാത്രമാക്കാനും ദൈവത്തിനും നമ്മോടു തോന്നുന്ന കരുണയിലൂടെ കഴിയും. ഇരുന്നു വാഴാൻ കനക സിംഹാസനവും കയ്യിൽ ചെങ്കോലും കിരീടവും ഒക്കെ നിനയ്ക്കാത്ത നേരത്ത് നമ്മെ തേടിയെത്തി എന്ന് വരാം. പക്ഷെ ദൈവമായി നമ്മെ ചിലയിടങ്ങളിലേക്ക് കൈപിടിച്ചുയർത്തിയിരുത്തുമ്പോൾ മുന്നോട്ടുള്ള പ്രയാണ വഴികളിൽ പിന്തുടരേണ്ടതും പാലിക്കേണ്ടതുമായ വ്യവസ്ഥകളും കൂടി നമ്മെ ഏല്പിക്കും. അതിനെ നിസ്സാരവൽകരിച്ചു കൊണ്ട് ലഭിച്ച അധികാരത്തെ ആവശ്യം പോലെ കൈകാര്യം ചെയ്യാനാവില്ല. ബെന്യാമീൻ ഗോത്രത്തിലെ ചെറിയവനെ കൊട്ടാരത്തിന്റെ അധിപനാക്കാനും അവനുവദിക്കുന്ന പക്ഷം അവിടെ നിന്നും അവനെ വലിച്ചു താഴെയിറക്കി ഒന്നുമല്ലാതാക്കാനും മഹാദൈവത്തിനു വേണ്ടിവരുന്നത് നിമിഷങ്ങൾ മാത്രം!!. ലഭിച്ചതിൽ നിലനിൽക്കാൻ ശൌലിനായില്ല. അവൻ വചനത്തെ തള്ളി: ദൈവം അവനെ തള്ളി!! ദൈവം തള്ളിയവന്റെ നീക്കങ്ങൾ പിന്നീടെപ്പോഴും ദൈവത്തിനു വേണ്ടി നിൽക്കുന്നവനെ തള്ളിയിടുക എന്നതായിരിക്കും. ഒഴിഞ്ഞു കിടക്കുന്ന സിംഹാസനത്തിൽ ഒരുവനെ ഇരുത്തുവാൻ ഉള്ള കാര്യാദികളുടെ ക്രമീകരണത്തിനായി പ്രവാചകനായ ശമുവേലിനെ ദൈവം സമീപിക്കുകയും എവിടേക്ക് പോകണമെന്നും എന്ത് ചെയ്യണമെന്നും ഉള്ള കൽപ്പനകൾ അവനു കൈമാറുകയും ചെയ്യുന്ന സമയം.!! ഉടനെ ശമുവേലിന്റെ മറുപടി ഞാൻ എങ്ങനെ പോകും? ശൌൽ കേട്ടാൽ എന്നെ കൊല്ലും!!(1ശമുവേൽ 16:2)

പലവുരു പ്രവാചകൻ ശൌലിനെ നേരിൽ കണ്ടു ദൈവത്തിന്റെ ആലോചന അറിയിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ ശമുവേൽ വല്ലാതെ ഭയക്കുന്നു!! ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരുവൻ തന്റെ കൈകളിൽ വന്ന അപ്രതീക്ഷിത ദാനങ്ങളിൽ മതിമറന്നു സ്വയത്തിന്റെ സ്വാധീനതയിൽ പിടിക്കപ്പെട്ടു പാലിക്കുവാൻ നിഷ്കർഷിച്ച പ്രമാണങ്ങളെ പാടെ പരിത്യജിച്ച് സ്വന്ത ഇഷ്ടത്തിനു അനുസരിച്ച് നീങ്ങുവാൻ തുടങ്ങിയാൽ അവൻ പിന്നീടൊരു പേടി വിഷയമായിരിക്കും. പ്രവാചകനായാൽ കൂടി. ദൈവത്തെ വിട്ടു ദൈവവചനത്തെ തള്ളിയാൽ അവനിൽ നിന്നും ദൈവാത്മാവു വിട്ടുമാറും. പിന്നീടവനൊരു പ്രാകൃതനായി അധഃപതിക്കും. ഇങ്ങനെയുള്ളവനെ ദൈവാത്മാവുള്ളവൻ ഭയപ്പെടണം. കാരണം പിന്നീടുള്ള അവന്റെ ഓരോ ശ്രമങ്ങളും ആത്മീകനെ വകവരുത്തുക എന്നത് മാത്രമായിരിക്കും. യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞ ശൌലിന്റെ കൂടെ ദൈവത്തെ നമസ്കരിക്കാൻ പോരേണമെന്ന ആവശ്യം നിരാകരിച്ചു മടങ്ങി പോകാൻ തുടങ്ങിയ ശമുവേലിന്റെ നീലയങ്കി പിടിച്ചു വലിച്ചുകീറികൊണ്ടായിരുന്നു ഈ മനുഷ്യന്റെ ദൈവദാസന്മാർക്കെതിരെയുള്ള പ്രവർത്തനത്തിന്റെ തുടക്കം.

ഈ കാലങ്ങളിൽ നാം ഏറെ ഭയക്കേണ്ടത് ക്രൈസ്തവ വിരോധികളേക്കാൾ ദൈവത്തിന്റെ വചനം തള്ളിക്കളഞ്ഞു യഹോവയ്ക്ക് മനസ്താപമുണ്ടാക്കുന്ന അഭിനവ ശൌൽ സംഘങ്ങളെയാണ്. (1ശമുവേൽ 15:26) “നിന്റെ സ്വന്തകാഴ്ചയിൽ നീ ചെറിയവനായിരുന്നിട്ടും യഹോവ നിന്നെ യിസ്രായേൽ ഗോത്രങ്ങൾക്കു തലവനാക്കുകയും യിസ്രായേലിന്റെ രാജാവായി നിന്നെ അഭിഷേകം കഴിക്കയും ചെയ്തില്ലയോ?” എന്ന നിലകളിൽ ദൈവ കൃപയാൽ ലഭ്യമായ അധികാരങ്ങളും ശുശ്രൂഷകളും ദൈവവും ദൈവത്തിന്റെ വചനവും അനുശാസിക്കുന്ന രീതി ഉപേക്ഷിച്ചു സ്വന്ത ഇഷ്ടപ്രകാരം സ്വാർദ്ധത്ഥ താല്പര്യങ്ങൾക്ക് വേണ്ടി എടുത്തു കൈകാര്യം ചെയ്യുമ്പോൾ അങ്ങനെ ഉള്ളവരെ നാം ഭയപ്പെടെണ്ടതാണ്. ഒരു ജഢീകനെക്കാൾ ഇന്നത്തെ കാലത്ത് നാം ഭയപ്പെടേണ്ടത് ദൈവം പറയുന്നത് ചെയ്യാതെ തന്നിഷ്ടത്തിനനുസരിച്ച് രൂപപ്പെടുത്തുന്ന വികല ദൈവശാസ്ത്രങ്ങളുടെ വക്താക്കളെയാണ്. അനുവദനീയമല്ലാത്ത പലതും സ്വന്തം നിലനില്പിനായി എടുത്തു പ്രയോഗിച്ചിട്ടൊടുവിൻ “ഞാൻ യഹോവയുടെ കല്പന നിവർത്തിച്ചിരിക്കുന്നു” എന്ന ശൌൽ വാദം അങ്ങെയറ്റം അപകടം പിടിച്ചതാണ്. ചെയ്യുന്നതെല്ലാം ദൈവത്തിനു വേണ്ടിയാണെന്നും പറയുന്നതെല്ലാം വചനമാണെന്നും ഇടപാടുകളെല്ലാം ദൈവീകമാണെന്നും ഉള്ള സാത്താന്യ ചിന്തക്കടിപ്പെടുന്നത് ദുരന്തങ്ങളിലെക്കായിരിക്കും നമ്മെ തള്ളിവിടുക!

അഭിഷേകത്തിന്റെ തൈലം നിറച്ച കൊമ്പുമായി പുറപ്പെടുന്ന ദൈവാത്മനിയോഗിതരായ വിശ്വസ്തന്മാരെ തിരഞ്ഞു പിടിച്ചു കൊല്ലുക എന്നത് ദൈവത്തെ വിട്ട, ദൈവം വിട്ട ഒരുവന്റെ ഏറ്റവും വലിയ പരിശ്രമം ആയിരിക്കും. തനിക്കു പകരക്കാരനായി മറ്റൊരുവനെ തിരഞ്ഞെടുക്കാനുള്ള ദൈവത്തിന്റെ ഇഷ്ടങ്ങൾക്ക് ഈ കൂട്ടർ എക്കാലത്തും തടസമാകും. ഇനി മറ്റൊരാൾ രാജാവാകുന്നതിൽ പിന്മാറ്റക്കാരൻ ശൌലിന് താല്പര്യമേ ഇല്ല. ദൈവത്തിന്റെ നിർദ്ദേശപ്രകാരം അതിനാരെങ്കിലും ഇറങ്ങി പുറപ്പെട്ടാൽ അവനെ തകർക്കുക എന്നത് ഈ പ്രകൃതവർഗ്ഗത്തിന്റെ മുഖ്യ അജണ്ട ആയിരിക്കും. പ്രവാചകന്റെ നിലയങ്കി കീറിയ തള്ളപ്പെട്ടവൻ തന്നെ കൊല്ലുവാനും മടിക്കില്ലെന്ന് ശമുവേൽ തിരിച്ചറിഞ്ഞു. അവിവേകത്തിന്റെ ഏതറ്റം വരെയും ഇറങ്ങിച്ചെന്ന് നാശം വിതക്കാൻ ദൈവാത്മാവു വിട്ടു പോയവർക്ക് ഒരു മടിയും ഉണ്ടാകില്ല. ഇവരിൽ നിന്നും ഒഴിഞ്ഞു മാറുക എന്നത് മാത്രമായിരിക്കും ഒരാത്മീകന് ഈ അവസരത്തിൽ ചെയ്യുവാൻ കഴിയുക. പ്രാകൃത മനുഷ്യന്റെ ശൈലിയിലേക്കിറങ്ങി അവനെതിരെ പ്രതികരിക്കാൻ ദൈവാത്മാവുള്ളവൻ ഒരിക്കലും ശ്രമിക്കരുത്. ആത്മീകനൊരു സംസ്ക്കാരമുണ്ടായിരിക്കണം. എന്നാൽ ദൈവീക നിയോഗിത ശുശ്രൂഷകൾക്കായി പുറപ്പെടുന്നവനെ കൊല്ലാൻ ശ്രമിക്കുന്ന ശൌൽ സമാന പ്രാകൃതകൊലപാതകന്മാരിൽ നിന്നും രക്ഷപ്പെടുക ശ്രമകരമാണ്. ഒരേ ഒരു മാർഗ്ഗം മാത്രം!! യാഗമൃഗത്തോടൊപ്പം പുറപ്പെടുക (1ശമുവേൽ 16:2). കാൽവരിയിൽ പരമയാഗമായ ക്രിസ്തുവിനോടൊപ്പം പുറപ്പെടുക!! കൊല്ലാൻ കാത്തിരിക്കുന്ന ശൌൽ ശക്തികളിൽ നിന്നും ദൈവ ശബ്ദമനുസരിക്കുന്നവന് രക്ഷപ്പെടാൻ അത് മാത്രമേ ഉള്ളു മാർഗ്ഗം!

ലേഖനം

# അപ്പന്റെ പായ്ക്കേജ്



ഷാജി വെണ്ണിക്കുളം
അറ്റ്ലാന്റ

രിക്കൽ ധനികനായ പിതാവും തന്റെ യൗവ്വനക്കാരനായ മകനും അവരുടെ കാറിൽ യാത്ര ചെയ്യുമ്പോൾ പഴയ കാറുകൾ വിൽക്കുന്ന സ്ഥലത്ത് ഒരു പഴയ ആഡംഭര കാറ് വില്പനയ്ക്കായി ഇട്ടിരിക്കുന്നത് കണ്ട മകൻ അപ്പനോട്, അപ്പാ എന്റെ കോളജ് ബിരുദദാന സമയത്ത് ആ കാർ എനിക്ക് സമ്മാനമായി വാങ്ങിച്ചു തരേണം എന്നു പറഞ്ഞു. അതിനു മറുപടി ഒന്നും പറയാതെ അപ്പൻ യാത്ര തുടർന്നു. ബിരുദം ലഭിക്കുന്ന ദിവസങ്ങൾ അടുത്തുവരുന്തോറും മകൻ അപ്പനെ ഓർപ്പിച്ചു കൊണ്ടിരുന്നു. അപ്പൻ അതു കേട്ട ഭാവം കാണിക്കുന്നില്ലെന്നു കണ്ടപ്പോൾ അവൻ കൂട്ടുകാരെ കൊണ്ടും അദ്ധ്യാപകരെ കൊണ്ടും പറയിച്ച് അപ്പനെ വശീകരിക്കാൻ ശ്രമം നടത്തി. അവസാനം ബിരുദദാനം എല്ലാം കഴിഞ്ഞപ്പോൾ അപ്പൻ തന്റെ മകനെ ഓഫീസിലേക്കു വിളിച്ചു വരുത്തി. മനോഹരമായ വിവിധ നിറത്തിലുള്ള പേപ്പറുകൾ കൊണ്ടു പൊതിഞ്ഞ സാമാന്യം വലിയ പായ്ക്കേജ് കൊടുത്തിട്ടു പറഞ്ഞു “ഇതാണ് എന്റെ സമ്മാനം”. നിനക്ക് ആവശ്യമുള്ളതെല്ലാം ഇതിലുണ്ട്. ആഡംഭര കാറിന്റെ താക്കോൽ ആഗ്രഹിച്ച മകൻ ഈ വലിയ പായ്ക്കറ്റ് കണ്ടപ്പോൾ നിരാശനായി. അവൻ ആ ഗിഫ്റ്റു റാപ്പുകൾ എല്ലാം അഴിച്ചു മാറ്റി പായ്ക്കറ്റ് തുറന്നപ്പോൾ അവന്റെ പേര് മനോഹരമായി ആലേഖനം ചെയ്തിരിക്കുന്ന ഒരു ബൈബൾ ആണ് അവൻ കണ്ടത്. കാറിന് ആഗ്രഹിച്ച മകൻ ബൈബിൾ കണ്ടപ്പോൾ പിന്നീടൊന്നും നോകാതെ അത് ആ ബോക്സിൽ തന്നെ വെച്ചിട്ട് ഓഫീസ് വിട്ടിറങ്ങി. അവൻ വീടും മാതാപിതാക്കളെയും എല്ലാം വിട്ടിറങ്ങി ദൂരെ ദേശത്തു ചെന്നു പാർത്തു. സാമാന്യം നല്ല ഒരു ജോലിയും ലഭിച്ചു. ആ ദേശത്തുള്ള ഒരു പെൺകുട്ടിയെ വിവാഹവും ചെയ്തു. ഏറെ താമസിയാതെ ആദ്യത്തെ കൺമണിയും പിറന്നു. വിവാഹവും കുഞ്ഞും പിറന്നതും ഒന്നും മാതാപിതാക്കളെ അവൻ അറിയിച്ചിരുന്നില്ല. അവരുമായി യാതൊരു ബന്ധവുമില്ലാതെ ആയിരുന്നു അവന്റെ ജീവിതം. രണ്ടാമതൊരു കുഞ്ഞുകൂടി അവനു പിറന്നു. എന്നാൽ അതൊരു അംഗവൈകല്യമുള്ള കുഞ്ഞായിരുന്നു. ഏറെ താമസിയാതെ മാതാപിതാക്കളെ തനിക്കു പിറന്ന കുഞ്ഞുങ്ങളെ കൊണ്ടു കാണിക്കണെമെന്നുള്ള ആഗ്രഹം അവനുണ്ടായി. അങ്ങനെ അവരുടെ അവധിക്കാലം ആഘോഷിക്കാനായി സ്വന്തം ഭവനത്തിലേക്ക് അവർ മടങ്ങി വന്നു. എന്നാൽ മകൻ വരുന്നതിന്റെ രണ്ടു ദിവസം മുമ്പ് പിതാവ് ഹൃദയാഘാതത്തെ തുടർന്ന് ലോകത്തോടു യാത്ര പറഞ്ഞിരുന്നു. പിതാവിന്റെ ബിസിനസ് തുടർന്ന് നടത്തികൊണ്ടു പോകണമെന്ന ആഗ്രഹത്തോടെ അവൻ അപ്പന്റെ ഓഫീസിൽ ചെന്നു. ഫയലുകളും മറ്റും തിരിച്ചു മറിച്ചു നോക്കുമ്പോൾ ഒരു മൂലയ്ക്ക് ഷെൽഫിന്റെ മുകളിലായി ഒരു ഗിഫ്റ്റ് ബോക്സ് പകുതി കീറിപ്പറിഞ്ഞ നിലയിൽ ഇരിക്കുന്നത് അവന്റെ ശ്രദ്ധയിൽപ്പെട്ടു. അവൻ അത് എടുത്തു നോക്കിയപ്പോൾ അപ്പൻ പണ്ടുകൊടുത്ത സമ്മാനം അവൻ ഇട്ടിട്ടു പോയതുപോലെതന്നെ ഇരിയ്ക്കുന്നു. അവൻ അതിൽ നിന്നും ആ ബൈബിൾ എടുത്തു തുറന്നു നോക്കിയപ്പോൾ അതിനുള്ളിൽ ഒരു ബുക്കുമാർക്കും അവിടെ ചുമന്ന മഷിയിൽ അടിവരയിട്ടിരിക്കുന്ന വാക്യവും അവൻ കണ്ടു. “അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും” (മത്തായി 7:11). വീണ്ടും താൻ ഓരോ പേജുകളും മറിച്ചു നോക്കിയപ്പോൾ സ്വർണ്ണ നിറമുള്ള ഒരു താക്കോൽ അവനു ലഭിച്ചു. അതു കണ്ടപ്പോൾ പണ്ട് അപ്പനോട് ആവശ്യപ്പെട്ട കാറിന്റെ താക്കോൽ ആണെന്ന് അവൻ മനസ്സിലാക്കി. അവൻ വീട്ടിൽ വന്ന് കാറുകൾ സൂക്ഷിക്കുന്ന ഗാരേജിൽ നോക്കിയപ്പോൾ മനോഹരമായ ഒരു പുതിയ ആഢംഭര കാറാണ് അവനു കാണാൻ കഴിഞ്ഞത്. എന്നാൽ അന്ന് അവന് അല്പം കൂടെ ക്ഷമയോടെ ആ പായ്ക്കറ്റ് നോക്കാനും പഴയ കാറ് ചോദിച്ചപ്പോൾ പുതിയത് കൊടുത്ത അപ്പന്റെ മനസ്സിനെ മനസ്സിലാക്കാനും സാധിച്ചില്ലല്ലോ എന്നുള്ള കുൺഠിതം അവനുണ്ടായി. ഇതുപോലെ നാമും ദൈവത്തോട് നമ്മുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും എല്ലാം അറിയിക്കും. ദൈവഹിതപ്രകാരമുള്ളത് ഒരു പായ്ക്കറ്റായിട്ട് ദൈവം നമുക്കു നൽക്കും. ആ പായ്ക്കറ്റിൽ ചിലപ്പോൾ കഷ്ടതയാകുന്ന അനേകം പുറംചട്ടകൾ കൊണ്ട് പൊതിഞ്ഞിരിക്കാം. ക്ഷമയോടെ ഓരോ പുറംചട്ടയും അഴിച്ചുമാറ്റേണ്ടത് നമ്മുടെ ചുമതലയാണ്.

യോസഫിനു കിട്ടിയ പായ്ക്കേജിലാണെങ്കിൽ പൊട്ടക്കിണർ, അടിമ, പൊത്തീഫറിന്റെ ഭവനം, ജയിൽ തുടങ്ങിയ അനേകം പേപ്പറുകൾകൊണ്ടു പൊതിഞ്ഞതായിരുന്നു. ക്ഷമയോടെ അവൻ അതെല്ലാം ഒരോന്നായി അഴിച്ചുമാറ്റി. ഒടുവിലാണ് ദേശത്തെ ‘ഭക്ഷ്യമന്ത്രി’ സ്ഥാനം അവനു ലഭിച്ചത്. സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും തന്നെ നമസ്ക്കരിക്കുന്നു എന്നൊരു ദർശനം മാത്രമേ ദൈവം യോസഫിനു കൊടുത്തിരുന്നുള്ളു. ദർശനത്തിൽ പൊട്ടക്കിണറും ജയിലും ഒക്കെ കാണിച്ചിരുന്നെങ്കിൽ യോസഫ് ഒരു പ്രവാചകനേയും വിളിച്ചുവരുത്തി ഇരിപത്തിയൊന്നും നാല്പതും ഉപവാസമിരുന്ന് ശാസിച്ച് ഒടുവിൽ പൊട്ടക്കിണറും വേണ്ടാ, ജയിലും വേണ്ടാ, നമസ്ക്കാരവും വേണ്ടാ, എന്നു പറഞ്ഞ് പോകുമായിരുന്നു. ദൈവം തരുന്നത് എപ്പോഴും പായ്ക്കേജാണ്.

ഭക്തനായ ഇയ്യോബിനു ലഭിച്ചതു വേറൊരു പായ്ക്കേജാണ്, മക്കൾ പത്തും, മൃഗസമ്പത്തും നഷ്ടമായി. സ്നേഹിതരും വന്ന് നിന്ദാ വാക്കുകളും കുറ്റാരോപണങ്ങളും പറയാൻ തുടങ്ങി. സ്വന്തം ഭാര്യയും ഭർത്താവ് ഒന്നു ചത്തുകിട്ടിയിരുന്നെങ്കിൽ എന്നാഗ്രഹിക്കുകയും അതിനു പ്രോത്സാഹനം കൊടുക്കുകയും ചെയ്തു. എന്നാൽ കഷ്ടതകളുടെയും നഷ്ടങ്ങളുടെയും ഒറ്റപ്പെടുത്തലുകളുടെയും നിന്ദകളുടെയും പരിഹാസത്തിന്റേയും മദ്ധ്യത്തിൽ ഇയ്യോബ് പറയുന്നത് “എന്റെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നുവെന്നും, എന്റെ ത്വക്ക് ഇങ്ങനെ അഴുകിപ്പോയാലും ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. അന്യനല്ല സ്വന്ത കണ്ണൊലെ അവനെ കാണും” എന്നാണ്. തനിക്ക് ലഭിച്ച പായ്ക്കേജിലെ കഷ്ടതയാകുന്ന ഓരോ പുറംചട്ടകളും ഒന്നഴിച്ചു മാറ്റുമ്പോൾ മറ്റൊന്ന് ചങ്കിനു നേരെ വന്നു നിൽക്കുമ്പോളും ക്ഷമയോടെ അതിനെ ഓരോന്നോരോന്നായി അഴിച്ചു മാറ്റിയപ്പോൾ പണ്ടുണ്ടായിരുന്നതിന്റെ ഇരട്ടിയാണ് അവസാനം അവനു ലഭിച്ചത്.

യിസ്രായേൽ മക്കൾക്ക് കിട്ടിയ പായ്ക്കേജിലും ചെങ്കടൽ, മാറാ, യെരീഹോമതിൽ മുതലായ അനേക പ്രശ്നങ്ങൾ അടങ്ങിയതായിരുന്നു. പത്രോസിനും പൌലോസിനും ലഭിച്ച പായ്ക്കേജിലും തടവറ, തല്ല്, പട്ടിണി, പൈദാഹം, കടലിലെ ആപത്ത്, കള്ളൻമാരാലുള്ള ആപത്ത്, അണലി ഇതെല്ലാം ഉണ്ടായിരുന്നു.

സ്നേഹിതാ നിനക്കും ധാരാളം വാഗ്ദത്തങ്ങൾ അടങ്ങിയ പായ്ക്കേജുകൾ ലഭിച്ചിട്ടുണ്ട്. അതിലെ ഏതു പുറംചട്ടയാണ് നീ ഇപ്പോൾ നേരിടുന്നത് എന്നു നിനക്കറിയാം. ഉറ്റവരുടെ വേർപാട്, ഉറ്റവരുടെ ഒറ്റപ്പെടുത്തലുകൾ, നിന്ദ, പരിഹാസങ്ങൾ, മാറാരോഗങ്ങൾ, സാമ്പത്തിക നഷ്ടം, കടഭാരങ്ങൾ ഇങ്ങനെയുള്ള ഓരോ പുറംചട്ടകളും ക്ഷമയോടെ അഴിച്ചു മാറ്റിയാൽ സ്വർണ്ണ താക്കോൽ ആ മകനു ലഭിച്ചതുപോലെ നിനക്കും വാഗ്ദത്തങ്ങളുടെ സ്വർണ്ണ താക്കോൽ ലഭിക്കും. പഴയ കാറ് ചോദിച്ച മകന് ഈ ലോകത്തിലെ ഒരു പിതാവ് പുതിയത് സമ്മാനമായി കൊടുത്തെങ്കിൽ, നാം ചോദിക്കുന്നതിലും, നിനയ്ക്കുന്നതിലും, എത്രയോ അധികമായി സ്വർഗ്ഗീയ പിതവ നമുക്കു തരും. ആകയാൽ ക്ഷമയോടെ കാത്തിരിക്കുക.

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748





നന്മ സുവിശേഷിക്കുന്നവരുടെ പാദസ്പർശനത്തിനായി കാത്തിരുന്ന് കേഴുന്ന ഭാരതത്തിന്റെ
ഗ്രാമീണ ഊഷരഭൂമികളിലൂടെ ക്രിസ്തു സന്ദേശവുമായി ഒരു തീർത്ഥയാത്ര

***രാജസ്ഥാൻ *പഞ്ചാബ് *ഹരിയാന**

**സുവിശേഷകൻ ജോൺ ജോർജ്ജ് രാജസ്ഥാൻ നേതൃത്വം നൽകുന്ന**

# ജാതികളുടെ സുവിശേഷീകരണത്തിൽ ഒരു പഠനയാത്ര

**തീർത്ഥാടന ദൈർഘ്യം** - തീർത്ഥാടകരുടെ സൗകര്യം പോലെ ഒരാഴ്ച മുതൽ മാസങ്ങൾ വരെ

**തീർത്ഥാടന സമയം** - തീർത്ഥാടകരുടെ സൗകര്യംപോലെ. തീർത്ഥാടന മേഖലയിലെ കാലാവസ്ഥയും മറ്റും പരിഗണിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

മുൻകുട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് തീർത്ഥാടനദേശത്തെ യാത്ര, താമസം, ഭക്ഷണം, ശ്രുശ്രുഷ (സ്റ്റേജുകൾ ആഗ്രഹിക്കുന്നവർ സദയം ക്ഷമിക്കുക) തികച്ചും സൗജന്യമായി ക്രമീകരിക്കുന്നതായിരിക്കും.

**കോ-ഓഡിനേറ്റർ : സുവിശേഷകൻ. ജയ്മോഹൻ അതിരുങ്കൽ**

Mob: +919567759748, Email: christlines2014@gmail.com

**GOODNEWS FOR INDIA , GOSPEL TRAVEL & TOURS**
**HANUMAN GARH, RAJASTHAN**

NB : തീർത്ഥാടനത്തോടൊപ്പം സ്വന്തം നിലയിൽ ഡൽഹി, ആഗ്ര, അമൃത്സർ സുവർണ്ണക്ഷേത്രം, ജാലിയൻ വാല ബാഗ്, വാഗാ ബോർഡർ മുതലായ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിപ്പാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ ഗൈഡൻസും ആവശ്യപ്പെട്ടാൽ ക്രമീകരണവും ചെയ്തു കൊടുക്കുന്നതാണ്.

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 03

BELIEVERS JOURNAL

PUBLISHED ON 10/02/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

Annual Sub. ₹ 150

# മാതൃകാ പുരുഷനായിരുന്ന പാസ്റ്റർ വൈ. സഖറിയ

## പിതാവിനെക്കുറിച്ചുള്ള മകന്റെ ഓർമ്മക്കുറിപ്പ്



പാസ്റ്റർ വൈ. സഖറിയയും സഹധർമ്മിണിയും



പാസ്റ്റർ ജോൺസൺ സഖറിയ

വിതത്തിലെ പ്രതിസന്ധികളിൽ അപ്പനും അമ്മയും മക്കളുടെ ആശ്രയം ആണല്ലോ. മാതാപിതാക്കളുടെ സാന്നിധ്യം. പ്രതിസന്ധികളെ നേരിടുന്ന മക്കൾ ആഗ്രഹിക്കുന്നതു തന്നെയാണ്. പ്രത്യേകിച്ചു അവർ മക്കളുടെ ആത്മീയം കൂടി ആകുമ്പോൾ! അങ്ങനെയുള്ള ഒരു അപ്പച്ചനും അമ്മയുമാണ് എന്റെ മനസ്സിൽ ഇന്നും ജീവിക്കുന്നത്. മരണം കൊണ്ടവസാനിക്കാത്ത ബന്ധം!

1923 ഫെബ്രുവരി 26നു നല്ലിയിൽ എള്ളുവിള വീട്ടിൽ ശ്രീമാൻ മാത്തൻ യോഹന്നാന്റെയും ഭാര്യ അന്നമ്മയുടെയും അഞ്ചാമത്തെ മകനായി ജനിച്ച കുട്ടിക്കു കുടുംബ പാരമ്പര്യത്തെ മാനിച്ചു മാന്യമായ ഒരു പേര് തന്നെ മാതാപിതാക്കൾ കണ്ട് വച്ചിരുന്നു. ഓർത്തഡോക്സ് (യാക്കോബായ) സഭാവിഭാഗത്തെയും അതിലെ പുരോഹിതന്മാരേയും അങ്ങേ അറ്റം ആദരിച്ചുവന്ന എന്റെ പിതാമഹൻ തന്റെ മകനെ തക്കസമയത്തു തന്നെ “മാമോദീസ” മുക്കുവാനായി പള്ളിയിൽ എത്തി. മാതാപിതാക്കൾ ആഗ്രഹിച്ച പേരു അവർ “അച്ചനെ” അറിയിച്ചനന്തരം ശുശ്രൂഷകൾക്കു ആരംഭം കുറിച്ചു. ശുശ്രൂഷകളുടെ അവസാനത്തോളം ആയ സമയത്ത് ഒരു കാർമ്മീകന്റെ വാക്കുകൾ സദസ്സിനെ അമ്പരിപ്പിക്കുന്നതായിരുന്നു. “മാതാപിതാക്കളുടെ ആഗ്രഹത്തെ ഞാൻ മാനിക്കുന്നു എങ്കിലും ദൈവനിയോഗപ്രകാരം ഈ പൈതലിനെ ഞാൻ ‘സഖറിയാ’ എന്ന പേരു നിർദ്ദേശിക്കുന്നു കാരണം നമ്മുടെ പള്ളിയിൽ തന്നെ ഭാവിയിൽ ഈ കുട്ടി ഒരു പുരോഹിതനായി തീരേണ്ടവനാണ് “ശ്രീ മാത്തച്ചനും കുടുംബവും എന്റെ നിർദ്ദേശത്തെ അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം”. ചിലനിമിഷത്തെ മൗനത്തിനു ശേഷം അവർ സമ്മതം മൂളി. അങ്ങനെ അന്നത്തെ ദിവസം കഴിഞ്ഞ് പോയി.

ശ്രേഷ്ഠനായ കുക്കു സായിപ്പ് കേരളത്തിൽ പ്രവർത്തനങ്ങൾക്ക് ദൈവീക നിയോഗത്താൽ വന്നെത്തിയ സ്ഥലമാണല്ലോ കൊട്ടാരക്കരയിലെ തൃക്കണ്ണമംഗൽ! വിവിധ പെന്തക്കോസ്തു പ്രസ്ഥാനങ്ങളുടെ നേതൃനിരയിൽ കൊട്ടാരക്കരയിൽ നിന്നു മുള്ളവർ എന്നുമുണ്ടായിരിക്കുന്നു എന്നും ഇതും സ്മരണീയം തന്നെ. ദൈവനിയോഗം തന്നെയെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പിതാമഹനും കുടുംബമായി കുണ്ടറയിൽ നിന്നും തൃക്കണ്ണമണ്ണിലേക്കു താമസം മാറി. വാസ്തവത്തിൽ അത് “കുണ്ടറയിൽ” നിന്നുമുള്ള ഒരു വിടുതൽ തന്നെയായിരുന്നു.

ദൈവഭക്തിയിലും അനുസരണത്തിലും കുഞ്ഞുങ്ങളെ വളർത്തുന്നതിൽ ജാതിമതഭേദമെന്യെ എല്ലാ പിതാക്കളും ശ്രദ്ധാലുക്കളായിരുന്നു. വളരെ കർക്കശനായിരുന്ന എന്റെ വല്യപ്പച്ചനും തന്റെ മക്കളെ വളരെ ഗൗരവത്തിൽ തന്നെയാണു വളർത്തിയിരുന്നത്. തങ്ങൾ ഉൾപ്പെട്ടു നിന്ന സമൂഹത്തിനപ്പുറം ആരേയും അംഗീകരിക്കുവാൻ തയ്യാറല്ലാത്ത ഈ കുടുംബനാഥൻ സമുദായ ചിട്ടകൾക്ക് അണുവിടപ്പോലും വ്യത്യാസം വരുത്തുവാൻ ഇഷ്ടമില്ലാതിരുന്നതിനാൽ പള്ളികാര്യങ്ങളിൽ സദാ ശ്രദ്ധാലുയായിരുന്നു.

ബാല്യത്തിൽ നിന്നും കൗമാരത്തിലേക്കു മാറുന്ന തന്റെ മകന്റെ കാര്യത്തിൽ പിതാവ് കാണിക്കുന്ന കർക്കശ്ശ ചിട്ടകൾ ഒരു ഇരുമ്പ് മതിലിനെക്കാൾ തനിക്കു ബലമുള്ളതായി തോന്നി. പെരുനാൾ സമയങ്ങളിൽ നടത്തുന്ന പ്രത്യേക പരിപാടികളിലെ എന്റെ പിതാവിന്റെ സാന്നിധ്യം തന്നിൽ മറഞ്ഞിരുന്ന ഒരു കലാകാരനെ നാട്ടുകാർ മനസ്സിലാക്കിയതായി ഞാൻ കേട്ടിട്ടുണ്ട്. വൈദ്യനായിരുന്ന സ്വപിതാവിൽ നിന്നും വൈദ്യം കുറെ ഏറെ മനസ്സിലാക്കുവാൻ ചെറുപ്രായത്തിൽ തന്നെ തനിക്കു കഴിഞ്ഞു. കൂടാതെ കായിക അഭ്യാസവും തിരുമ്മും മർമ്മാണിചികത്സയും 18 വയസ്സനുള്ളിൽ പിടിച്ചെടുത്ത എന്റെ പിതാവ് എല്ലാ ഭൂഖണ്ഡങ്ങളിലും മാറി മാറി സഞ്ചരിക്കുമളവിൽ ശരീരവേദനസഹിച്ചിരുന്ന അനേകർക്ക് ആശ്വാസമാകുവാൻ കാരണമായിതീർന്നു എന്നു പലരുടേയും വാക്കുകളിൽ നിന്നും എനിക്കുഗ്രഹിക്കുവാൻ കഴിഞ്ഞത്.

ഒരു പ്രത്യേക കലാ ഉത്സവത്തിൽ മഹാരാജാവിന്റെ വേഷമണിഞ്ഞു തന്റെ അഭിനയ സാമർത്ഥ്യം വെളിപ്പെടുത്തി കാണികളുടെ കൈയ്യടിയും വാങ്ങി അഭിമാനത്തടെ വരും വേളയിൽ ഏതോ ഒരു ഉപദേശി വിളിച്ചു പറഞ്ഞ ഒരു വാക്യത്തിന്റെ അവസാന വാക്കുകൾ തന്റെ കർണ്ണപുടത്തിൽ മാറ്റൊലികൊണ്ട് “ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ട് കാലം പോക്കിയതു മതി.” അർത്ഥം ഗ്രഹിച്ചില്ലെങ്കിലും ആരോ ഇതു ആവർത്തിച്ചു പറയുന്നതായി തനിക്കനുഭവപ്പെട്ടു ഈ ദിവസങ്ങളിൽ തൃക്കണ്ണമംഗൽ പ്രദേശങ്ങളിൽ ശക്തിയായ പരിശുദ്ധാത്മപ്രവർത്തനങ്ങൾ നടക്കുന്ന സമയമായിരുന്നു. എന്നാൽ സമൂഹത്തിൽ അംഗീകാരമില്ലാത്തവരുടെ ഏതോ ഒരു പരിപാടിയായിട്ടാണു സവർണ്ണ സമൂഹത്തിലെ ആൾക്കാർ ഇതിനെ കണ്ടിരുന്നത്. ആകയാൽ ഈ വകകാര്യങ്ങൾ ശ്രദ്ധിക്കുന്നതുപോലും പള്ളിക്കാർ അനുവദിച്ചിരുന്നില്ല.

ദൈവഹിതം! തൃക്കണ്ണമങ്കൽ ബഥേൽ ഹാളിൽ നടക്കുന്നതു എന്താണെന്നറിയുവാനുള്ള ആഗ്രഹം എന്റെ പിതാവിനുണ്ടായി. വളരെ രഹസ്യമായി എന്റെ പിതാവു ഒരു രാത്രിയോഗത്തിനു അവിടെ ചെന്നു. എല്ലാം പുതുമയുള്ള കാര്യങ്ങളിൽ പള്ളി ആരാധനയിൽ നിന്നും വളരെ വ്യത്യാസം മിനിറ്റുകൾ ചിലതു കഴിഞ്ഞ് തന്റെ അടുക്കലേക്ക് വരുന്ന ശുശ്രൂഷകനെ കണ്ടപ്പോൾ അല്പമൊന്നന്ധാളിച്ചുവെങ്കിലും ധൈര്യം കാണിച്ച് അവിടെ ഇരുന്നു. ദൈവാത്മാവ് തന്നോട് വ്യക്തിപരമായി ഇടപ്പെട്ടു. എന്തു ചെയ്യണമെന്നു അറിയാതെ പകച്ചിരുന്ന താൻ പരസ്യയോഗത്തിൽ കേട്ട വാക്യവും ദൈവാത്മാവിന്റെ ഇപ്പോഴത്തെ ഇടപെടലും ഒത്തു ചേർന്നപ്പോൾ ഒരു പുതിയ മനുഷ്യനായി തീരുവാനുള്ള തീരുമാനത്തിനു അധികതാമസം നേരിട്ടില്ല. എന്നാൽ ഈ വഴിത്തിരിവ് കുടുംബക്കാർക്കു സഹിക്കാവുന്നതിലും അപ്പുറത്തായിരുന്നു. ഇന്നേക്കു 75 വർഷങ്ങൾക്ക് മുമ്പേ യാക്കോബ സഭ വിട്ടു പെന്തെക്കോസ്തിലേക്ക് മാറുന്ന ഒരു വ്യക്തി നേരിടേണ്ടി വരുന്ന പ്രതിസന്ധികൾ ആർക്കും ചിന്തിക്കാവുന്നതാണല്ലോ? എന്റെ പിതാവിന്റെ തന്നെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ ഭാഗം അവസാനിപ്പിക്കട്ടെ. “എന്റെ കർത്താവ് സഹിച്ച കഷ്ടപ്പാടുകളുടെ മുമ്പിൽ ഞാൻ എന്തു കഷ്ടം സഹിച്ചത്?”.

തീരുമാനങ്ങൾ വളരെ വേഗത്തിൽ! യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വസിച്ചു സ്നാനപ്പെട്ട എന്റെ പിതാവിനു ലഭിച്ച ദൈവവിളിയുടെ അടിസ്ഥാനത്തിൽ മുളക്കുഴ സീയോൻ കുന്നിലേക്കു യാത്രയായി. വേദപഠനം ആരംഭിച്ചത് 1950-ൽ അവിടുത്തെ പഠനം പൂർത്തീകരിച്ചനന്തരം ഏലപ്പാറ സെന്ററിന്റെ പാസ്റ്ററായി ദൈവസഭ എന്റെ പിതാവിനെ നിയമിച്ചത്. ഇൻഡ്യാ ദൈവസഭയിൽ ബൈബിൾ സ്കൂൾ പഠനാനന്തരം ഉടനെ ഡിസ്ട്രിക്റ്റ് പാസ്റ്ററായി നിയമനം ലഭിച്ചു. ഒരേ ഒരു വ്യക്തി എന്റെ പിതാവ് മാത്രമാണ്. ബൈബിൾ സ്കൂളിൽ പഠിക്കുന്ന സമയത്തു മാതൃസഭയായ തൃക്കണ്ണമങ്കൽ ദൈവ സഭയുടെ ശുശ്രൂഷകനായിരുന്നുയെന്നുള്ളതും എടുത്തു പറയതക്ക വിഷയം തന്നെ.

ഏകദേശം 6 വർഷങ്ങൾ ഏലപ്പാറയിൽ! ചെറുബാലനായിരുന്ന എന്റെ മനസ്സിൽ ഇന്നും അതിന്റെ ചില ഓർമ്മകൾ! മുറിക്കുള്ളിൽ വെള്ളം വച്ചിരിക്കുന്ന പാത്രങ്ങൾ രാവിലെ നോക്കുമ്പോൾ ഉറഞ്ഞു കട്ടയായ മഞ്ഞുകട്ടികൾ! അസ്ഥികൾ തുളച്ചു കയറുന്ന ശൈത്യം. അന്നു വീടുകളിൽ തകരപാത്രങ്ങളിൽ വിറകും മറ്റും വച്ചു തീ കത്തിച്ചു തണുപ്പുമാറ്റുക എന്ന രീതിയാണ് സാധാരണക്കാർ ഉപയോഗിച്ചിരുന്നത്. അതിന്റെ പരിഷ്കരിച്ച പതിപ്പാണല്ലോ അമേരിക്കൻ വീടുകളിൽ കാണുന്ന “FIRE PLACE” പുറമെയുള്ള അസഹനീയമായ തണുപ്പ് ആത്മീക ശുശ്രൂഷകളെ തണുപ്പിച്ചിരുന്നില്ല. ആരാധനകളിൽ വെളിപ്പെട്ടിരുന്ന ആത്മീക അഗ്നിയുടെ ആളിക്കത്തൽ അനേകരെ ദൈവമ

08




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.